## സബ്മിഷൻ

### ആർ.എസ്.ബി.വൈ. പദ്ധതി

ശ്രീ. എ.ടി. ജോർജ്: സർ, നമ്മുടെ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി. കളിലും അതുപോലെ തിരഞ്ഞെടുക്കപ്പെട്ട പി.എച്ച്.സി. കളിലും ഗ്രാമീണ ആശുപത്രികളിലുമൊക്കെ ആർ. എസ്. ബി. വൈ. പദ്ധതി പ്രകാരം ചികിത്സ തേടി വരുന്ന ആളുകൾക്ക് 35,000 രൂപവരെ ചികിത്സാ സഹായം നൽകി വന്നിരുന്നു. അതിന്റെ ഏജൻസി ആയി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയെയാണ് ഗവൺമെന്റ് നിശ്ചയിച്ചിരുന്നത്. ആ ഏജൻസിയെ ഒരു നോഡൽ ഏജൻസിയായി നിശ്ചയിച്ച് ചിയാക് എന്ന ഏജൻസിയും ലിഡ് ഇന്ത്യാ എന്ന സ്ഥാപനവും ക്ലെയിംസ് സെറ്റിൽമെന്റ് ചെയ്യുന്നതിന് വേണ്ടി പ്രവർത്തിച്ചിരുന്നു. മിക്കവാറും എല്ലാ സ്വകാര്യ ആശുപത്രികളും ഈ പദ്ധതിയിൽ ഉൾപ്പെട്ട് ജനങ്ങൾക്ക് സേവനം നൽകിയിരുന്നു. എന്നാൽ അവർക്ക് കിട്ടേണ്ട പെന്റിംഗ് ക്ലെയിംസ് ഒന്നും റിലീസ് ചെയ്യാത്തതുകൊണ്ട്, ലക്ഷക്കണക്കിന് രൂപയുടെ ക്ലെയിം കുടിശ്ശിക വന്ന സാഹചര്യത്തിൽ ഈ ചികിത്സാ സൗകര്യം ഇന്ന് മിക്കവാറും ആശുപത്രികളിൽ നിറുത്തിവച്ചിരിക്കുകയാണ്. ഒരു രോഗി തന്റെ ഇൻഷ്വറൻസ് കാർഡ് ഒരു പ്രാവശ്യം ഉപയോഗിക്കുമ്പോൾ അയാൾക്ക് 500 രൂപ നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടാകുന്നത്. ആ തുക വീണ്ടും ഉപയോഗിക്കുവാൻ കഴിയുന്നില്ല. ആ തുകയ്ക്ക് ആവശ്യമായ ചികിത്സ

ലഭിക്കുന്നില്ല. അഡ്മിറ്റ് ചെയ്യുമ്പോൾത്തന്നെ രോഗികൾ ഈ കാർഡ് ഉപയോഗിക്കുന്നതുകൊണ്ട് അവർക്ക് 35,000 രൂപയിൽ നിന്ന് 500 രൂപ കുറഞ്ഞു പോകുന്നു. അഡ്മിറ്റാകുന്ന രോഗികൾക്കുകൂടി ഈ ചികിത്സാസഹായം നൽകേണ്ടതുണ്ട്. കുടിശ്ശിക വന്നതുകൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽത്തന്നെ ഏകദേശം 85 ലക്ഷം രൂപയുടെ ക്ലെയിം റിജക്ട് ചെയ്തിരിക്കുകയാണ്. രോഗി മരുന്നുവാങ്ങാൻ പോകുമ്പോൾ, ചികിത്സാസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുമ്പോഴൊക്കെ ചിയാക് എന്ന ഏജൻസി അതിൽ ഇടപെട്ടുകൊണ്ട് ചില ഡോക്ടർമാരേയും സ്ഥാപനങ്ങളേയും അതിൽ നിന്ന് മാറ്റി നിറുത്തുകയും അവർക്ക് ആവശ്യമായ ക്ലെയിം കൊടുക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് ഗ്രാമപ്രദേശത്തെ രോഗകൾക്ക് ഇന്ന് ഈ ചികിത്സാ സൗകര്യം ലഭിക്കുന്നില്ല. ചികിത്സ ലഭിക്കണമെങ്കിൽ ചിയാക് എന്ന കമ്പനിയെ നിലയ്ക്ക് നിറുത്തുവാൻ ആവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുകൊണ്ട് ഈ ക്ലെയിം കിട്ടുന്നതിനുവേണ്ടിയും ഗവൺമെന്റ് നല്ല ഉദ്ദേശത്തോടുകൂടി നടപ്പിലാക്കിയ ഈ പദ്ധതിയെ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നുകൊണ്ട് ഒരു ഏജൻസി ഇടപെട്ട് ഡോക്ടർമാരുടേയും പല ഏജൻസികളുടെയും മനസ്സിനെ മടുപ്പിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അന്വേഷിക്കുകയും പാവപ്പെട്ട രോഗികൾക്ക് ചികിത്സാസൗകര്യം പ്രയോജനപ്പെടുന്ന രീതിയിലുള്ള ഇടപെടലുകൾ

ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയും ചെയ്യണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആർ.എസ്.ബി.വൈ. എന്ന പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ്. 35,000 രൂപയുടെ അല്ല 30,000 രൂപയുടെ ചികിത്സയാണ് ഈ പദ്ധതിയുടെ ബെനഫിഷറീസിന് ലഭിക്കുന്നത്. ഇവിടെ ഉന്നയിച്ച വസ്തുതകൾ എന്റെ മുമ്പിലുള്ള കണക്കുകൾ വച്ച് പരിശോധിക്കുമ്പോൾ യാതൊരു അടിസ്ഥാനവുമില്ലാത്തതാണ്. നാല് വർഷം കൊണ്ട് ആകെ 8 ആശുപത്രികളാണ് കേരളത്തിൽ ഇതിന്റെ പരിധിയിൽ നിന്ന് സ്വയം ഒഴിഞ്ഞുപോയത്. അതിൽ ഗ്രാമീണ മേഖലയിൽ നിന്ന് ഒരു ആശുപത്രിപോലും ഒഴിഞ്ഞുപോയിട്ടില്ല. കേരളത്തിൽ 40 സ്വകാര്യ ആശുപത്രികളെയാണ് കുറ്റകരമായ കാര്യങ്ങൾ കണ്ടെത്തിയതുകൊണ്ട് യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ഒഴിവാക്കിയത്. ചിയാക് എന്ന കമ്പനിക്ക് ഇതിൽ ഒരു റോളുമില്ല. ചിയാക് കമ്പനി ഈ പദ്ധതി നടത്തിപ്പിന്റെ ഏജൻസിയായി നിൽക്കുന്നുവെന്നു മാത്രമേയുള്ളു. പലയിടത്തും പദ്ധതിയുടെ ദുരുപയോഗം നടക്കുമ്പോൾ കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഓഡിറ്റ് നടത്തുമ്പോൾ അതിൽ കുറ്റകരമായ കാര്യങ്ങൾ കാണ്ടെത്തിയാൽ അവരെ ഒഴിവാക്കാനായി കേന്ദ്ര ഗവൺമെന്റിന് വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ പ്രകാരം ചില ആശുപത്രിക

ളെ ഒഴിവാക്കുന്നു. ഒഴിവാക്കപ്പെടുന്ന പല ആശുപത്രികളും തിരിച്ചു വരുന്നതിനുവേണ്ടി അപേക്ഷ കൊടുക്കുന്നുണ്ട്. എന്നാൽ മിനിമം ഒരു വർഷം കഴിയാതെ അപേക്ഷ പരിഗണിക്കില്ല. സ്വയം ഒഴിഞ്ഞുപോയത് 8 ആശുപത്രികൾ മാത്രമാണ്. കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയ ഈ പദ്ധതി വളരെ നല്ലൊരു പദ്ധതിയാണ്. ഇത് കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിച്ചുകൊണ്ടിരിക്കുക യാണ്. ഇതിന്റെ പേരിൽ ദുരുപയോഗം നടന്നതുകൊണ്ട് നമ്മുടെ പ്രീമിയം ഓരോ തവണയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഇൻപേഷ്യന്റിനുള്ള ഒരു പദ്ധതിയാണ്. ഒ.പി.-യിൽ പോകുന്നവർക്കുള്ള പദ്ധതിയല്ല. ഒ.പി.യിൽ  വരുന്ന പലരേയും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി കിടത്തി ചികിത്സിക്കുകയാണ് പല ആശുപത്രികളും ചെയ്യുന്നത്. അങ്ങനെയാണ് ഈ പ്രീമിയം തുക ഇത്രയും കൂടാൻ കാരണമായത്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് വളരെ കർക്കശമായ നിലപാട് സ്വീകരിച്ചിരിക്കുകയാണ്. തെറ്റായ പ്രവണത അവസാനിപ്പിക്കുകയും അതേസമയം ഇൻഷ്വറൻസ് തുക  കൃത്യമായി സ്വകാര്യ ആശുപത്രികൾക്ക് എത്തിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. ഈ വർഷം തെറ്റുകുറ്റങ്ങൾ ഇല്ലാതെ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

**അലിന്റിന്റെ പുനരുദ്ധാരണം**

ശ്രീ. എം.എ. ബേബി: സർ, കുണ്ടറ അലിന്റിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ ഇവിടെ സബ്മിഷനായി അവതരിപ്പിക്കുന്നത്. കേരളം രൂപമെടുക്കുന്നതിനു 66 വർഷം മുമ്പ് 1946 -ൽ ആണ് തിരുവിതാംകൂർ ശേഷസായി ഗ്രൂപ്പ് കുണ്ടറ അലിന്റ് സ്ഥാപിച്ചത്. അതിനുശേഷം വലിയ വളർച്ചയാണ് ആ സ്ഥാപനത്തിനുണ്ടായത്. അതിന്റെ ചരിത്രമൊന്നും ഞാൻ ഇവിടെ പറയുന്നില്ല. ആധുനിക വിദേശസാങ്കേതിക വിദ്യകൂടി ഉപയോഗിച്ചുകൊണ്ട് വൈദ്യുതി ഉൽപ്പാദനത്തിനും പ്രസരണത്തിനും വിതരണത്തിനുമൊക്കെ ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്ന ഈ സ്ഥാപനം ഒരു ഘട്ടത്തിൽ തൊഴിലാളികൾക്ക് 50 ശതമാനം ബോണസ് കൊടുക്കാൻ കഴിയുന്ന നിലയിൽ ഉൽപ്പാദനക്ഷമതയും ലാഭവുമൊക്കെ വർദ്ധിച്ച ഒരു സ്ഥാപനമായിരുന്നു. നമ്മുടെ കാലഘട്ടത്തിൽ, ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ഫുട്ബാൾ ക്ലബ്ബ് എന്ന പേര് നേടിയതാണ് കുണ്ടറ അലിന്റ്. മൊയ്തീൻകുട്ടിയും ചെറിയാനുമൊക്കെ അന്ന് കളിക്കാനുണ്ടായിരുന്നു. അവർ ഇന്ത്യയിലെ പ്രഗത്ഭരായ താരങ്ങളാണ്. ആ സ്ഥാപനം പിന്നീട് ആഗോളമാന്ദ്യത്തിന്റെ സാഹചര്യത്തിലാണ് 1982-85 കാലഘട്ടത്തിൽ തകർച്ചയിലേയ്ക്ക് നീങ്ങിയത്. 1987-ൽ ഇത് ഒരു പീഡിത വ്യവസായമായി പ്രഖ്യാപിച്ചു. അതിനുശേഷം ഈ സ്ഥാപനത്തെ പുനരുജ്ജീവിപ്പിക്കാൻ, കഴിഞ്ഞ കാൽനൂറ്റാണ്ടുകാലമായി മാറിമാറി വന്ന ഗവൺമെന്റുകൾ ശ്രമം

നടത്തിയെങ്കിലും അതൊന്നും വിജയിച്ചിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൂന്നു മന്ത്രിമാർ പങ്കെടുത്തുകൊണ്ട്, വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയുമൊക്കെ പങ്കെടുത്തുകൊണ്ട് പല തവണ യോഗങ്ങൾ ചേർന്നത്. അന്നത്തെ പ്രൊമോട്ടർക്ക് ഇത് പുനരുജ്ജീവിപ്പിക്കാൻ ധാരാളം അവസരങ്ങൾ കൊടുത്തു. അതൊന്നും വിജയിക്കാതെ വന്ന ഘട്ടത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് ഇത് ഏറ്റെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന പുനരുജ്ജീവിപ്പിക്കാൻ ഒരു പദ്ധതി ബി.ഐ.എഫ്.ആർ.-ന് മുന്നിൽ സമർപ്പിച്ചത്. ആന്ധ്രാപ്രദേശിലും ഒറീസ്സയിലുമെല്ലാം ഭൂമിയും മറ്റു സ്ഥാപനങ്ങളും കുണ്ടറ അലിന്റിനുണ്ടായിരുന്നതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ഇതിന് ആവശ്യമായിരുന്നു. കേന്ദ്ര ഗവൺമെന്റ് അതിനോട് യോജിച്ചു. അതിനിടയിൽ രാഷ്ട്രീയമാറ്റത്തെ തുടർന്നു സംസ്ഥാനത്ത് പുതിയ ഗവൺമെന്റ് വന്നു. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് യോഗങ്ങൾ ചേരുകയും തൊഴിൽ വകുപ്പുമന്ത്രിയെ ഇതിനുവേണ്ടി പ്രത്യേകമായി ചുമതലപ്പെടുത്തുകയും ചെയ്തു. വളരെയധികം കൂടിആലോചനകൾ നടന്നു. എന്നാൽ ഇപ്പോഴും ഇത് എവിടെയും എത്തിച്ചേരാതെ നിൽക്കുകയാണ്. ഈ ഗവൺമെന്റ് വന്ന് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. ഒന്നുകിൽ കഴിഞ്ഞ ഗവൺമെന്റ് ചെയ്തതുപോലെ കെ.എസ്.ഐ.ഡി.സി. വഴി ഇതിനെ പുനരുജ്ജീവിപ്പിക്കാനുള്ള ഒരു പദ്ധതി തയ്യാറക്കണം. അക്കാര്യ

ത്തിൽ വാശി പിടിക്കാൻ കൊല്ലത്തെ ജനപ്രതിതിനിധികളും തയ്യാറല്ല. അതുകൊണ്ട് വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ മന്ത്രിയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻകയ്യെടുത്ത് കെ.എസ്.ഐ.ഡി.സി. വഴി ഏറ്റെടുത്തുകൊണ്ടോ അതല്ലെങ്കിൽ മറ്റേതെങ്കിലും ഉചിതമായ മാർഗ്ഗത്തിലോ ഇതിനെ പുനരുജ്ജീവിപ്പിച്ച് തുടർന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കണം. അതോടൊപ്പം ഒരു കാര്യവും കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഓണം വരികയാണ്. അവിടത്തെ തൊഴിലാളികൾക്കും ജീവനക്കാർക്കും മുൻവർഷങ്ങളിൽ ചെയ്തതുപോലെ, ഇപ്പോഴത്തെ ജീവിത നിലവാര സൂചിക കണക്കിലെടുത്തുകൊണ്ട് ഉത്സവബത്ത നൽകാനുള്ള തീരുമാനം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം ശരിയാണ്. അലിന്റിന് പ്രശസ്തമായ നല്ലൊരു കാലമുണ്ടായിരുന്നു. എന്നാൽ ടെക്നോളജിയിൽ ചെയ്ഞ്ചു വന്നപ്പോൾ ഒരുപാട് പ്രതിസന്ധികളും പ്രശ്നങ്ങളുമുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് ഒരു കോൺഫറൻസ് നടന്നു. ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. സോമാലി ഗ്രൂപ്പിന്റെ പ്രൊപ്പോസൽ അവരാണ് നടത്തിയിരുന്നത്. അത് നടക്കില്ലെങ്കിൽ വേറെ നോക്കണമെന്ന

ചർച്ച വന്നു. ഇതൊക്കെ സംബന്ധിച്ച് കുറച്ചുകൂടി മെച്ചപ്പെട്ട തീരുമാനം ഗവൺമെന്റ് പ്രതീക്ഷിക്കുന്നുണ്ട്. തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം നൽകുന്ന കാര്യം ആലോചിക്കാം, നൽകാൻ സാധിക്കില്ല എന്ന നിലപാട് സർക്കാരിനില്ല. ആ കാര്യം പ്രത്യേകമായി ആലോചിക്കുന്നതാണ്.

**എമർജിംഗ് കേരള നിക്ഷേപക സംഗമം**

ശ്രീ. എം.എ. വാഹീദ്: സർ, വ്യവസായ ലോകം വളരെ പ്രതീക്ഷയോട് കൂടി കാണുന്നതും തൊഴിൽ രഹിതരായ കേരളത്തിലെ ചെറുപ്പക്കാർ വളരെ ആകാംക്ഷയോടുകൂടി കാത്തിരിക്കുന്നതുമാണ് 'എമർജിംഗ് കേരള 2012' എന്ന പദ്ധതി. ഏറ്റവും ഭാവനാസമ്പന്നമായ ഒരു പദ്ധതിയാണ് എമർജിംഗ് കേരളയിലൂടെയാണ് കേരളത്തിന് സംഭാവന ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടേണ്ട തിരുവനന്തപുരം ജില്ലയിലെ പ്രോജക്ടുകൾ, പ്രത്യേകിച്ച് കഴക്കൂട്ടത്തിന്റേത് ഇതിൽനിന്ന് എങ്ങനെയോ വിട്ടുപോയി. മന:പൂർവ്വമാണെന്ന് തോന്നുന്നില്ല. ബ്രോഷറിലോ വെബ് സൈറ്റിലോ കഴക്കൂട്ടത്തിന്റെയോ തിരുവനന്തപുരം ജില്ലയിലെയോ സാധ്യതകൾ കാണുന്നില്ല. ആ ബ്രോഷറിൽ ഇതുംകൂടി ഉൾപ്പെടുത്തണമെന്നതാണ് ഈ സബ്മിഷനിലൂടെ ഗവൺമെന്റിനെ അറിയിക്കാൻ ആഗ്രഹിക്കുന്നത്. കഴക്കൂട്ടത്തെ ടെക്നോപാർക്ക് ഫേസ്-3, ടെക്നോസിറ്റി, കിൻഫ്രാ ഫിലിം പാർക്ക്, വീഡിയോ പാർക്ക്, ഇൻഡസ്ട്രിയൽ പാർക്ക്, ടെക്നോസിറ്റി, ലൈഫ് സയൻസ് പാർക്ക്, ടെലികോം സിറ്റി ഇതെല്ലാം അനന്തമായ സാധ്യതകളുള്ള സംരംഭങ്ങളാണ്. ഇൻഫോസിസ് ക്യാമ്പസിൽ ഇനിയും സ്ഥലം കിടപ്പുണ്ട്. യു.എസ്.റ്റി. ഗ്ലോബൽ, ടി.സി.എസ്. ഇതെല്ലാം വ്യവസായ രംഗത്ത് അനന്തമായ സാധ്യതകൾ ഉണ്ടാക്കുന്നവയാണ്. വിനോദസഞ്ചാര രംഗത്താണെന്നങ്കിൽ കഴക്കൂട്ടം മണ്ഡലത്തിലെ ആക്കുളം ടൂറിസ്റ്റ് വില്ലേജ്, വേളി ടൂറിസ്റ്റ് ഹോം, ആക്കുളം

കൺവെൻഷണൽ സെന്റർ, വർക്കല ടൂറിസ്റ്റ് കേന്ദ്രം, കോവളം ടൂറിസ്റ്റ് കേന്ദ്രം, പൊൻമുടി ടൂറിസ്റ്റ് കേന്ദ്രം ഇതൊന്നും ഈ ബ്രോഷറിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാരിന്റെ ഏറ്റവും പ്രസ്റ്റീജ്യസ് ആയ ഒന്നാണ് തിരുവനന്തപുരം മോണോ റെയിൽ പദ്ധതി. .ഇതൊന്നും ബ്രോഷറിലും വെബ്സൈറ്റിലും കാണുന്നില്ല. എന്തുകൊണ്ടോ ഇത് വിട്ടുപോയി, ഇതുകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭാവനാസമ്പന്നമായ ഈ പരിപാടി കേരളത്തിലെ ജനങ്ങൾക്കും വ്യവസായ ലോകത്തിനും ഗുണം ചെയ്യാൻ കഴിയുന്ന തിരുവനന്തപുരം ജില്ലയിലെ പ്രോജക്ട് കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, എമർജിംഗ് കേരളയുടെ വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്തുപൊയ്ക്കൊണ്ടിരിക്കുകയാണ്. നിക്ഷേപത്തിനുള്ള ഇനിഷിയേറ്റീവ് മാത്രമായിട്ടാണ് 'എമർജിംഗ് കേരള' കൊണ്ടുവന്നിരിക്കുന്നത്. നിക്ഷേപകരെ കണ്ടെത്തി ഇവിടെയുള്ള സാധ്യതകൾ അവരുടെ മുന്നിൽ പ്രസന്റ് ചെയ്യുന്നു എന്ന് മാത്രമേയുള്ളൂ. സാധ്യമായ പ്രോജക്ടുകളുടെ പ്രസന്റേഷൻ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും സെക്രട്ടറിമാരും അവരവരുടെ ഡിപ്പാർട്ടുമെന്റിൽ സാധ്യമായ തരത്തിലുള്ള നിക്ഷേപങ്ങളുടെ പ്രൊപ്പോസലുകൾ അവതരിപ്പിക്കും. കേരളത്തിൽ ഇപ്പോഴുള്ള പദ്ധതികളും ഇനിയുണ്ടാകാൻ പോകുന്ന പദ്ധതികളുമുൾപ്പെടെ നിക്ഷേപ സാധ്യതയുള്ളതെല്ലാം എമർജിംഗ് കേരള പദ്ധ

തിയിൽ ഉൾപ്പെടും. വെബ്സൈറ്റ് ഇനിയും അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കും. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളൊന്നുമായിട്ടില്ല. അതിന്റെ കാമ്പയിനും അഡ്വർട്ടൈസ്മെന്റുമൊക്കെയായി ഞങ്ങൾ രംഗത്തുവന്നിട്ടുമില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതെല്ലാം വെബ്സൈറ്റിൽ ഉൾപ്പെടുത്താം. തിരുവനന്തപുരം ജില്ലയിലെ മോണോ റെയിലും ലൈഫ് സയൻസ് പാർക്കും ഇപ്പോൾത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി പറഞ്ഞതെല്ലാം- ടെക്നോ പാർക്ക് ഫേസ്-3, ടെലികോം സിറ്റി, വേളി അമ്യൂസ്മെന്റ് പാർക്ക്, ആക്കുളം ടൂറിസ്റ്റ് വില്ലേജ് തുടങ്ങിയവയെല്ലാം എമർജിംഗ് കേരളയിൽ ഉൾപ്പെടും. വർക്കല പാക്കേജിന്റെ കാര്യത്തിൽ എസ്.പി.വി. രൂപീകരിച്ചിട്ടുണ്ട്, ബഹുമാനപ്പെട്ട എം.എൽ.എ-യും ഇതിൽ പങ്കെടുത്തിരുന്നു. ടൂറിസ്റ്റ് കേന്ദ്രമെന്നുള്ള നിലയിൽ അവിടെ ധാരാളം പദ്ധതികൾ പുതിയതായി വരുന്നുണ്ട്. എസ്.പി.വി മുന്നോട്ടുവച്ചിട്ടുള്ള വർക്കല പാക്കേജ് എമർജിംഗ് കേരളയുടെ വെബ്സൈറ്റിൽ കൊടുക്കാം. അതുപോലെതന്നെ ആയുർവേദ വില്ലേജ്, നോളജ് പാർക്ക് തുടങ്ങി തിരുവന്തപുരം ജില്ലയിലാണ് കൂടുതൽ പ്രോജക്ടുകളുള്ളത്. അതുകൂടാതെ ഇപ്പോൾ നിർദ്ദേശം വന്നിരിക്കുന്ന കുറെ പ്രോജക്ടുകളുമുണ്ട്. പ്രോജക്ട് പ്രൊഫൈൽസ് തയ്യാറായിട്ടില്ല. ഇന്നലെ ഡി.ഐ.സി മീറ്റിംഗ് ഉണ്ടായിരുന്നു. അതുസംബന്ധിച്ച ഇൻഫർമേഷൻ സഭയ്ക്ക് തരാൻവേണ്ടിയാണ് ഞാൻ കൂടുതൽ സമയമെടുത്ത് പറയുന്നത്. ഓരോ ജില്ലയിലെയും ചെറുകിടവ്യവസായങ്ങളുടെ സാധ്യത എമർജിംഗ് കേരളയിൽ ഉൾപ്പെടുത്താൻ

ശ്രമിക്കുന്നുണ്ട്, ഇതിനുവേണ്ടി എല്ലാ ജില്ലാകേന്ദ്രങ്ങൾക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്ഥലമുണ്ടെങ്കിൽ അവിടെ കൂടുതൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കിൻഫ്രയെപ്പോലെയുള്ളവയെക്കൊണ്ട് ലഭ്യമാക്കണം. പഞ്ചായത്തുകൾക്ക് സ്ഥലമുണ്ടെങ്കിൽ പഞ്ചായത്തിന്റെകൂടി സഹായ ത്തോടുകൂടി ചെറിയ ചെറിയ വ്യവസായങ്ങൾ തുടങ്ങാൻ വേണ്ടിയുള്ള പ്രോജക്ട് പ്രൊഫൈലുണ്ടാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എമർജിംഗ് കേരളയുടെ പശ്ചാത്തലത്തിൽ ഇടത്തരം, വലിയ വ്യവസായ ങ്ങൾക്ക് മാത്രമല്ല ചെറുകിട വ്യവസായങ്ങൾക്കും വളരെയധികം ഊന്നൽ കൊടുക്കുന്നുണ്ട്. സ്ഥലം എടുക്കുമ്പോൾ വെറ്റ് ലാൻഡും പാട ശേഖരങ്ങളും ഒഴിവാക്കണമെന്ന് ഇന്നലത്തെ മീറ്റിംഗിൽ പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോഴുള്ള പ്രൊപ്പോസൽ ഒഴിവാക്കാനും വിരോധമില്ല. പാടശേഖരങ്ങളും വെറ്റ്ലാൻഡുമല്ലാത്ത സ്ഥലങ്ങൾ ഇൻഡ സ്ട്രിയൽ എസ്റ്റേറ്റും കിൻഫ്രാ ലാൻഡും എടുത്താൽ മതി. തൃശ്ശൂരി ലൊക്കെ, മുന്നോട്ടുപോയ പ്രൊപ്പോസലുകളിൽ ഇനി പിറകോട്ട് പോകാൻ കഴിയില്ല. പാടശേഖരങ്ങളും വെറ്റ്ലാൻഡുമുള്ള സ്ഥലങ്ങളിൽ പുതിയ പ്രൊപ്പോസൽസ് വേണ്ടന്ന് പറഞ്ഞിട്ടുണ്ട്.

**ടോൾ നിരക്ക്**

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തൃശ്ശൂർ ജില്ലയിലെ എല്ലാ എം. എൽ.എ-മാർക്കും വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എൻ.എച്ച് 47-ൽ പാലിയക്കരയിലെ നീതിപൂർവ്വമല്ലാത്ത ടോൾ പിരിവ് നിർബാധം തുടരുകയാണ്. നിത്യയാത്രക്കാർ തീരാദുരിതത്തിലാണ്. ഒരു ലൈറ്റ് മോട്ടോർ വെഹിക്കിൾ ടോൾ പ്ലാസ കടന്നുപോകാൻ 85 രൂപ നൽകണം, ഇത് വലിയ ഫീസാണ്. ഇത് താങ്ങാൻ പറ്റാത്ത ഫീസാണെന്ന് ബഹുജനങ്ങളോടൊപ്പംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും സഹകരണ വകുപ്പുമന്ത്രിക്കും അഭിപ്രായമുണ്ട്. അവിടെ നിരവധി സമരങ്ങൾ നടന്നു. അവസാനം ഞങ്ങളെയെല്ലാം വിളിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ടോൾ നിരക്ക് കുറയ്ക്കാമെന്ന് ഉറപ്പും തന്നു. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ ആറ് മാസത്തിനുള്ളിൽ തീർക്കാമെന്നും ഉറപ്പ് നൽകിയിരുന്നു. തുടർന്ന് ടോൾനിരക്ക് കുറയ്ക്കണമെന്ന് ക്യാബിനറ്റിൽ തീരുമാനിച്ചതായും അറിയുന്നു. പക്ഷേ കേന്ദ്രസർക്കാരും നാഷണൽ ഹൈവേ അതോറിറ്റീസും അത് നിരസിച്ചു. ഇനി ക്യാബിനറ്റ് തീരുമാനം നടപ്പിലാക്കണമെങ്കിൽ അതിനാവശ്യമായ തുക സംസ്ഥാന സർക്കാർ നീക്കിവയ്ക്കണം. ഇപ്പോഴുള്ള ലൈറ്റ് മോട്ടോർ വെഹിക്കിളുകളുടെ ടോൾ നിരക്ക് 50 ശതമാനമെങ്കിലും കുറയ്ക്കാനുള്ള തുക ബഡ്ജറ്റിൽ നീക്കിവച്ച് ഗുരുതരമായി തുടരുന്ന ഈ അവസ്ഥയ്ക്ക് പരിഹാരം കാണണം. തൃശ്ശൂർ ജില്ലയിൽത്തന്നെ വടക്കാ

ഞ്ചേരി മേൽപ്പാലത്തിൽ ടോൾ പിരിക്കാതിരിക്കാൻ 12 കോടി രൂപ സർക്കാർതന്നെ മാറ്റിവച്ചിരുന്നു. ഇവിടെ ലൈറ്റ് മോട്ടോർ വെഹിക്കിളുകളുടെ ടോൾ നിരക്ക് 50 ശതമാനമെങ്കിലും കുറയ്ക്കാൻ 2-2.5 കോടി രൂപയേ ഈ വർഷം ഇനി വേണ്ടി വരികയുള്ളൂ. അത്രയും തുക ബഡ്ജറ്റിൽ നീക്കി വച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്. ശ്രീ. ടി.എൻ. പ്രതാപനടക്കം തൃശ്ശൂർ ജില്ലയിലെ എല്ലാ എം.എൽ.എ-മാർക്കും ഇക്കാര്യത്തിൽ പ്രത്യേക താല്പര്യവും ആവേശവുമുണ്ടെന്ന് ഞാൻ കരുതുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേന്ദ്രസർക്കാരിന്റെ കീഴിലുള്ള എൻ.എച്ച്.എ.ഐ -യും കൺസേഷണൽ കമ്പനിയും ഒപ്പുവച്ച കരാറനുസരിച്ച് പതിനേഴര വർഷം ടോൾ പിരിക്കുന്നതിന് കൺസേഷണൽ കമ്പനിക്ക് അവകാശമുണ്ട്. എന്നാൽ സാധാരണക്കാരായ ആളുകളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി തദ്ദേശിയർക്ക് നിരവധി ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാരിന്റെയും കൺസേഷണൽ കമ്പനിയുടെയും ചെലവിൽ നൽകിയിട്ടുണ്ട്. അതനുസരിച്ച് ടോൾ പ്ലാസയ്ക്ക് 10 കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പഞ്ചായത്തുകളുടെയും കോർപ്പറേഷൻ ഡിവിഷനിലെ താമസക്കാരുടെയും കാർ, വാൻ, ജീപ്പ് എന്നീ ലൈറ്റ് വെഹിക്കിളുകളെയും ലൈറ്റ് കൊമേഴ്സ്യൽ വെഹിക്കിളുകളേയും പൂർണ്ണമായി ടോളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പക്ഷേ ബാക്കി

യുള്ള കേസുകളിൽ ടോൾനിരക്ക് ഉയർന്നു നിൽക്കുന്നു എന്നത് ശരിയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വികാരമാണ് ഗവൺമെന്റിനുമുള്ളത്. 30 ശതമാനം എന്ന ടോൾ നിരക്ക് കുറയ്ക്കണമെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെയും അഭിപ്രായം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് വിളിച്ചുകൂട്ടിയ യോഗത്തിലെ തീരുമാനമനുസരിച്ച് മന്ത്രിസഭാ യോഗത്തിൽ ഇത് ചർച്ച ചെയ്യുകയുണ്ടായി. കേന്ദ്രഗവൺമെന്റിനോടും നാഷണൽ ഹൈവേ അതോറിറ്റിയോടും ടോൾ നിരക്ക് കുറയ്ക്കണമെന്ന് അഭ്യർത്ഥിക്കാമെന്നാണ് 24-04-2012-ലെ ക്യാബിനറ്റിലെടുത്ത തീരുമാനം. അതിന്റെ അടിസ്ഥാനത്തിൽ ഈ ടോൾറേറ്റ് ദുർവ്വഹമാണ്, അത് കുറയ്ക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര മന്ത്രിക്കും അതുമായി ബന്ധപ്പെട്ട സെക്രട്ടറിക്കും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തയച്ചു. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാന്റെ മറുപടി ടോൾനിരക്ക് കുറയ്ക്കാൻ സാധ്യമല്ലെന്നാണ്. അതിൻമേൽ സംസ്ഥാന ഗവൺമെന്റ് ഒന്നും ചെയ്യാനാവില്ല,. ഇത് യൂണിയൻ ലിസ്റ്റിൽപ്പെടുന്ന കാര്യമാണ്. യൂണിയൻ ലിസ്റ്റിൽ കേന്ദ്രഗവൺമെന്റിന്റെ അധികാര പരിധിയിൽപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റിന് യൂണിലാറ്ററലായി ഒന്നും ചെയ്യാൻ കഴിയില്ല. നമുക്ക് persuade ചെയ്യാം. നമ്മൾ സമ്മർദ്ദം ചെലുത്തിയിട്ടും

അതിന് പരിഹാരമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വികാരങ്ങളുമായി ഗവൺമെന്റ് യോജിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇവിടെ പ്രൊഫ. സി. രവീന്ദ്രനാഥ് ഉന്നയിച്ച വിഷയത്തിന്, ഇതെല്ലാം കേന്ദ്ര ഗവണൺമെന്റും നാഷണൽ ഹൈവേ അതോറിറ്റിയുമാണ് ചെയ്യേണ്ടതെന്നാണ് മന്ത്രി മറുപടി പറഞ്ഞത്. അതുവരെ ജനങ്ങൾ ദുരിതമനുഭവിച്ചുകൊള്ളട്ടേയെന്നതാണോ ഗവൺമെന്റിന്റെ നിലപാട്. മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും നിരവധി തവണ ജനപ്രതിനിധികളുടെ യോഗത്തിൽ നിരക്ക് കുറയ്ക്കണമെന്ന് പറഞ്ഞതാണ്. അങ്ങനെ നിരക്ക് കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റും നാഷണൽ ഹൈവേ അതോറിറ്റിയും തയ്യാറല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് തന്നെ ആ ബാദ്ധ്യത ഏറ്റെടുക്കാൻ തയ്യാറാകുമോ എന്നുള്ളതാണ് ഞങ്ങൾക്ക് അറിയേണ്ടത്.?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, ജനങ്ങൾ ദുരിതമനുഭവിക്കട്ടെയെന്ന നിലപാട് ഗവൺമെന്റിന് ഇല്ല. അങ്ങനെ ആരെങ്കിലും വിചാരിക്കുമോ? അതുകൊണ്ടാണ് അതിന്റെ 10 കിലോമീറ്റർ ചുറ്റളവിലുള്ള ആളുകളുടെ വാഹനങ്ങൾക്ക് ഈ ചാർജ്ജ് ബാധകമല്ലെന്ന് തീരുമാനമെടുത്തത്. പക്ഷേ ഇപ്പോഴുള്ള റേറ്റ് കുറയ്ക്കണമെന്നതിൽ അഭിപ്രായവ്യത്യാസമില്ല. എല്ലാ വിഷയങ്ങളിലും കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കേണ്ട ബാദ്ധ്യതയെല്ലാം കൂടി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കുക എന്നുള്ളതല്ല, കഴിയുന്നിട

ത്തോളം കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് തന്നെ ആ ബാദ്ധ്യത ഏറ്റെടുപ്പിക്കുകയെന്നുള്ളതാണ് സർക്കാർ നിലപാട്. ഇപ്പോൾ പരാജയപ്പെട്ടെങ്കിലും അക്കാര്യത്തിൽ ഒന്നുകൂടി ശ്രമിക്കാം, കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താം.

**വൈദ്യുതി ബോർഡ് കമ്പനിവൽക്കരണം**

ശ്രീ. സി. ദിവാകരൻ : സർ, അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് സബ്മിഷൻ വഴി ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇതിന് അനുകൂലമായി പ്രതികരിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. കാരണം അദ്ദേഹം നല്ല ഒരു തൊഴിൽവകുപ്പു മന്ത്രിയായിരുന്നു. ഇന്ന് പൊതുമേഖലയിൽ അമ്പതിനായിത്തോളം തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ആളുമാണ്. എന്നാൽ തൊഴിലാളി വിരുദ്ധമായ നടപടിയാണ് ഇപ്പോൾ വൈദ്യുതി ബോർഡിൽ നടക്കുന്നത്. കാരണം 2003-ലെ കേന്ദ്ര ഗവൺമെന്റ് ഇലക്ട്രിസിറ്റി നിയമപ്രകാരം ബോർഡുകളെല്ലാം കമ്പനികൾ ആക്കണമെന്ന ഒരു നിർദ്ദേശം ഉണ്ടായിരുന്നുവെന്നാണ് പറയുന്നത്. ഞാൻ ആ നിയമം മുഴുവൻ പരിശോധിച്ചപ്പോൾ അത് ഓപ്ഷനായിട്ടാണ്, മാൻഡേറ്ററിയായിട്ടല്ല പറയുന്നത് എന്നാണ് മനസ്സിലായത്. ഇത്തരത്തിൽ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലെ ഇലക്ട്രിസിറ്റി ബോർഡുകൾ കമ്പനിവൽക്കരിക്കപ്പെട്ടപ്പോൾ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനായോയെന്ന് പരിശോധിക്കാൻ മുൻ എ.ജി. ശ്രീ. വി.കെ. ഷുംഗ്ലുവിനേയും 10 വിദഗ്ദ്ധന്മാരടങ്ങുന്ന ഒരു കമ്മിറ്റിയെയും കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ നിയമിച്ചു. ആ കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ട്. കമ്പനിവൽക്കരിച്ച 15 സംസ്ഥാനങ്ങളിൽ ഭീമമായ നഷ്ടവും കെടുകാര്യസ്ഥതയുമാണ് അനുഭവപ്പെട്ടതെന്നാണ് കമ്മിറ്റിയുടെ ഫൈൻഡിംഗ്സ്. കേരളത്തെ സംബന്ധിച്ചും ആ കമ്മിറ്റിയിൽ പറ

യുന്നുണ്ട്. കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡ് 703 കോടി രൂപയുടെ ലാഭത്തിൽ എത്തുമെന്നാണ് 2017 വരെയുള്ള അവരുടെ ഫോർകാസ്റ്റിൽ പറയുന്നത്. അതുകൊണ്ട് ബോർഡ് നിലനിൽക്കണമെന്നുള്ള ന്യായമാണ് അതിൽ കാണുന്നത്. മാത്രമല്ല, ഈ വിഷയത്തെ സംബന്ധിച്ച് ഇലക്ട്രി സിറ്റി അതോറിറ്റി ട്രിബ്യൂണലിൽ ഒരു കേസ് വന്നു. ഇതു സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് ഉചിതമായ തീരുമാനമെടുക്കാമെന്നാണ് ട്രിബ്യൂണൽ പറഞ്ഞിരിക്കുന്നത്. നിർബന്ധമായി കമ്പനിയാക്കേണ്ട കാര്യമില്ല, ബോർഡ് ആക്കണമെങ്കിൽ ബോർഡ് ആക്കാം. പക്ഷേ, 2003-ലെ ചില നിബന്ധനകൾ അനുസരിക്കണമെന്ന് മാത്രമേയുള്ളൂ. 30,000-ൽപ്പരം വരുന്ന ഇലക്ട്രിസിറ്റി ജീവനക്കാർക്കും ലക്ഷക്കണക്കിന് വരുന്ന ഉപഭോ ക്താക്കൾക്കും ആവശ്യമില്ലാത്ത ഈ കമ്പനിവൽക്കരണ നടപടികൾ നിറുത്തി വയ്ക്കാനുള്ള ശ്രമം ഞാൻ സ്വാഗതം ചെയ്യുന്നു. ഇക്കാര്യ ത്തിനുവേണ്ടി അങ്ങ് കുറച്ചുകൂടി സമയം ചോദിച്ചിട്ടുണ്ട്. തൊഴിലാളി കൾക്കും ജനങ്ങൾക്കും ആവശ്യമില്ലാത്ത ഈ കമ്പനിവൽക്കരണ നടപടി യിൽ നിന്ന് ഗവൺമെന്റ് പൂർണ്ണമായി പിന്തിരിയണമെന്നാണ് എന്റെ അപേക്ഷ.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളിൽ ചിലതിനോ ടൊക്കെ ഞാനും യോജിക്കുന്നു. ഒരു കാര്യം പറയാനുള്ളത്, ഇത് ഞാനല്ല, അങ്ങും അംഗമായിരുന്ന കഴിഞ്ഞ ഗവൺമെന്റാണ് ചെയ്തത്

എന്നാണ്. 25-8-2008-ൽ അങ്ങ് കൂടി പങ്കെടുത്ത ക്യാബിനറ്റിന്റെ തീരുമാന പ്രകാരമുള്ള ജി.ഒ. ആണ്. അതുപ്രകാരം കമ്പനിയാക്കി രജിസ്റ്റർ ചെയ്യുകയായിരുന്നു. എന്നുമാത്രമല്ല, 25-8-2008-നുശേഷം ബോർഡ് പിരിച്ചുവിടാൻ ജി. ഒ. ഇറക്കുകയും ചെയ്തു. അങ്ങ് കൂടി പങ്കെടുത്ത ക്യാബിനറ്റ് തന്നെയാണ് ഈ തീരുമാനങ്ങളെല്ലാം എടുത്തത്. എന്റെ കയ്യിൽ അതിനെല്ലാം രേഖയുണ്ട്. പോകുമ്പോൾ രേഖയൊന്നും കൊണ്ടുപോകാൻ പാടില്ലെന്ന് അംഗീകരിച്ച മന്ത്രിയായതുകൊണ്ട് അങ്ങ് ക്യാബിനറ്റിന്റെ തീരുമാനം കൊണ്ടുപോയിക്കാണില്ല. പക്ഷേ അതിന്റെ ജി.ഒ. എന്റെ കയ്യിലുണ്ട്. എന്റെ മുൻഗാമിയായ ശ്രീ. എ.കെ. ബാലനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ഇലക്ട്രിസിറ്റി ബോർഡിനെ കമ്പനിയാക്കാതിരിക്കാൻ അദ്ദേഹം പരമാവധി ശ്രമിച്ചു. കമ്പനി ആക്കിയില്ലെന്ന് അങ്ങ് ഇവിടെ പറഞ്ഞത് ശരിയല്ല, കമ്പനിയാക്കിക്കൊണ്ടുള്ള സർട്ടിഫിക്കറ്റാണിത്. (സർട്ടിഫിക്കറ്റ് ഉയർത്തി കാണിച്ചു). അങ്ങയുടെ കാലത്ത് ചെയ്ത കാര്യങ്ങൾക്ക് എന്റെ പേരോ ഈ ഗവൺമെന്റിനെക്കുറിച്ചോ പറഞ്ഞാൽ എന്തു ചെയ്യും? അന്ന് ശ്രീ. എ.കെ. ബാലൻ നിവൃത്തിയില്ലാത്തതുകൊണ്ട് ചെയ്തതാണ്. അത് 2003-ലെ ആക്ടിൽ ഉള്ളതാണ്. ഞാൻ 2005-ൽ മൂന്ന് പ്രാവശ്യം കമ്പനിയാക്കാതെ നീട്ടിക്കൊണ്ടുപോയി. ശ്രീ. എ.കെ. ബാലനും പല പ്രാവശ്യം ഇങ്ങനെ ചെയ്തു. കമ്പനി ആക്കേണ്ടത് സ്റ്റാറ്റ്യൂട്ടറി ആയിട്ടുള്ള കാര്യമായിരുന്നു. ഇതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു നൽകുന്നതിനുവേണ്ടി അഡ്വക്കേറ്റ് ദാമോദരൻ കമ്മിറ്റിയെ വച്ചു. ആ

കമ്മിറ്റിയുടെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. ഇലക്ട്രിസിറ്റി ബോർഡിനെ കമ്പനിയാക്കി രജിസ്റ്റർ ചെയ്യണമെന്ന് ആ കമ്മറ്റിയും സ്ട്രോംങ് ആയി പറഞ്ഞു. പക്ഷേ, പല സ്റ്റേറ്റിലും ചെയ്തതിൽനിന്നും വ്യത്യസ്തമായി ഇതൊരു സിംഗിൾ കമ്പനിയാണ്(ആക്ട് അനുസരിച്ച് രണ്ടോ മൂന്നോ കമ്പനികളാക്കാം). എന്നുമാത്രമല്ല, ഗവൺമെന്റിനല്ലാതെ ഷെയർ കൊടുക്കാൻ പറ്റില്ലെന്ന ഒരു പ്രത്യേകത കൂടി ഇതിലുണ്ട്. അതൊക്കെ പ്രൊട്ടക്റ്റ് ചെയ്താണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. അതും അങ്ങയുടെ കാലത്താണ്, ഞങ്ങളുടെ കാലത്തല്ല. ഏതായാലും ഇക്കാര്യങ്ങളൊക്കെ ചെയ്തുകഴിഞ്ഞു. ബോർഡ് ഇല്ലാതായി, 1958-ലെ ഇലക്ട്രിസിറ്റി ആക്ടും റിപ്പീൽ ചെയ്തു. അതിനുപകരം താങ്കളുടെ ക്യാബിനറ്റ് ഒരു സ്പെഷ്യൽ ആഫീസറേയും മൂന്ന് മെമ്പർമാരേയും ചേർത്തൊരു കമ്മിറ്റി രൂപീകരിച്ചു ബോർഡ് പിരിച്ചുവിട്ട് അതിന്റെ ആസ്തി മുഴുവൻ ഗവൺമെന്റിൽ വെസ്റ്റ് ചെയ്യിച്ചു. കമ്പനി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇനി ഈ പറയുന്ന ആസ്തിയും ലയബിലിറ്റിയും ജീവനക്കാരേയും ആ കമ്പനിയിലേയ്ക്ക് റീവെസ്റ്റ് ചെയ്യുന്ന കാര്യം മാത്രമാണ് ബാക്കിയുള്ളത്. അതിനുവേണ്ടി വരുന്ന കുറച്ച് താമസം മാത്രമേയുള്ളു. അവിടത്തെ ജീവനക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ചില കാര്യങ്ങളിൽ ക്ലാരിറ്റി ആവശ്യമാണ്. കമ്പനി ആയിക്കഴിഞ്ഞാൽ കമ്പനീസ് ആക്ടിലെ സെക്ഷൻ 211 അനുസരിച്ചുള്ള ജീവനക്കാരുടെ ടെർമിനൽ ബെനിഫിറ്റിനെ സംബന്ധിച്ചിടത്തോളം പ്രശ്നമുണ്ട്. ഞാനും മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമ

ന്ത്രിയും ചേർന്ന ക്യാബിനറ്റ് സബ്കമ്മിറ്റി അക്കാര്യം പഠിച്ചുകൊണ്ടിരിക്കുകയാണ്. ആ റിപ്പോർട്ട് ആയിക്കഴിഞ്ഞാൽ അവരുടെ പെൻഷനും ബാക്കിയുള്ള കാര്യങ്ങൾക്കുമുള്ള ഒരു സംഖ്യ വകയിരുത്തിക്കൊണ്ട് മുന്നോട്ടു പോകും. പഴയ ബോർഡ് പിരിച്ചുവിട്ടു, കമ്പനിയാക്കാതെ മുന്നോട്ട് പോകാൻ ഇനി മാർഗ്ഗമില്ല. ഇതാണ് അതിന്റെ ഇപ്പോഴത്തെ പൊസിഷൻ.

## ഹയർസെക്കണ്ടറി/യു.പി. വിഭാഗങ്ങളിലെ ബൈ ട്രാൻസ്ഫർ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഹയർസെക്കണ്ടറി ജൂനിയർ അധ്യാപകരുടെ പ്രൊമോഷൻ സാധ്യതകൾ ഇല്ലാതാക്കുന്ന ഒരു സംവിധാനമാണ് സംസ്ഥാനത്ത് വന്നിരിക്കുന്നത്. പ്രത്യേകിച്ച് 13-3-2012-ലെ സർക്കുലർ പ്രകാരം ഹയർസെക്കണ്ടറി സീനിയർ അധ്യാപക തസ്തികകളിലേയ്ക്ക് 25 ശതമാനം ഗവൺമെന്റ് ഹൈസ്ക്കൂൾ, യു.പി., എൽ.പി. എന്നീ വിഭാഗങ്ങളിലുള്ള അധ്യാപകർക്ക് ബൈ ട്രാൻസ്ഫർ വഴിയും ബാക്കിയുള്ള 75 ശതമാനംപി.എസ്.സി. വഴിയും പോസ്റ്റിംഗ് നടപ്പിലാക്കുന്നതിനുവേണ്ടിയിട്ടുള്ള സർക്കുലാറാണ് ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ സർക്കുലർ വന്നതുവഴി ഹയർസെക്കണ്ടറിയിലെ ജൂനിയർ അധ്യാപകർക്ക് സീനിയർ അധ്യാപകരുടെ പദവിയിലേയ്ക്ക് പ്രൊമോഷൻ കിട്ടാനുള്ള സർവ്വസാധ്യതകളും ഇല്ലാതായിരിക്കുകയാണ്. ഒരേ യോഗ്യതാ മാനദണ്ഡമുള്ള രണ്ട് വിഭാഗങ്ങളാണ് ഹയർസെക്കണ്ടറിയിലെ സീനിയർ അധ്യാപകരും ജൂനിയർ അധ്യാപകരും. രണ്ട് കൂട്ടരും ബിരുദാനന്തരബിരുദവും, ബി.എഡും, സെറ്റും പാസ്സായിരിക്കേണ്ടതാണ്. രണ്ട് വിഭാഗത്തിന്റേയും അടിസ്ഥാന യോഗ്യത ഇങ്ങനെയായിരിക്കെ 2001-ൽ നിലവിൽ വന്ന കേരള ഹയർസെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം ഹയർസെക്കണ്ടറിയിൽ ജൂനിയൽ അധ്യാപകരായി സേവനമനുഷ്ഠിക്കുന്നവർക്കുള്ള പ്രൊമോഷൻ പോസ്റ്റാണ് ഹയർസെക്കണ്ടറിയിലെ സീനിയർ പോസ്റ്റും പ്രിൻസിപ്പൽ പോസ്റ്റും.

ഹയർസെക്കണ്ടറിയിലെ ജൂനിയർ അധ്യാപകർക്കുള്ള പ്രൊമോഷൻ പോസ്റ്റുകളായ ഹയർസെക്കണ്ടറി സീനിയർ അധ്യാപക പോസ്റ്റും പ്രിൻസിപ്പൽ പോസ്റ്റും അവർക്ക് മാത്രമായിത്തന്നെ ഇത്രയും നാൾ നില നിന്നിരുന്നതാണ്. അതിന് വ്യത്യസ്തമായി ഇപ്പോൾ ഹൈസ്കൂൾ വിഭാഗ ത്തിലേയും യു.പി. വിഭാഗത്തിലേയും എൽ.പി. വിഭാഗത്തിലേയും അധ്യാ പകർക്ക് ബൈ ട്രാൻസ്ഫർ വഴി പ്രൊമോഷൻ കൊടുത്താൽ ഈ ജൂനി യർ അധ്യാപകരുടെ സർവ്വവിധ പ്രൊമോഷനും അടയുകയാണ്. സ്കൂൾ അധ്യാപകരെ സംബന്ധിച്ചിടത്തോളം അവർക്ക് ഡി.ഇ.ഒ. ആയും ഡി.ഡി. ആയും എ.ഇ.ഒ. ആയും ഒക്കെ പ്രൊമോഷൻ കിട്ടാനുള്ള സാധ്യതയുണ്ട്. സംസ്ഥാനത്ത് നിലവിൽ ഏതാണ്ട് 1685 ജൂനിയർ അധ്യാപകർ പ്രൊബേ ഷൻ ഡിക്ലയർ ചെയ്ത് കാത്തിരിക്കുന്നുണ്ട്. ഇതുകൂടാതെ രണ്ടായിര ത്തിൽപ്പരം ജുനിയർ അധ്യാപകർ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതേയുമു ണ്ട്. ഇത്തരത്തിൽ കുറേ ജൂനിയർ അധ്യാപകർ നമ്മുടെ സംസ്ഥാനത്തു ള്ളപ്പോൾ അതിനെയൊക്കെ മറികടന്ന് ഇങ്ങനെയൊരു പ്രൊമോഷൻ കൊടുക്കുന്നതുവഴി ആശങ്ക നിലനിൽക്കുകയാണ്. ഇത് പരിഹരിക്കാ നുള്ള നടപടി സ്വീകരിക്കണം. എപ്പോഴും ജൂനിയർ അധ്യാപകരായി ഹയർസെക്കണ്ടറിയിൽ കയറുന്നവർ എല്ലാ കാലഘട്ടത്തിലും ജൂനിയർ അധ്യാപകരായി മാത്രം നിൽക്കുന്ന ഒരു സാഹചര്യമാണ് ഇക്കാര്യത്തിൽ ഉണ്ടാകുക. അതുകൊണ്ട് ഒരേ ക്വാളിഫിക്കേഷനുള്ള ഒരേ തരത്തിൽ ജോലി ചെയ്യുന്ന അധ്യാപകരെ രണ്ടുതരത്തിലാക്കുന്ന ഇപ്പോഴുള്ള സാഹ

ചര്യം ഒഴിവാക്കണം. ഇതിലുള്ള ആശങ്ക പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് സബ്മിഷനിലൂടെ അവതരിപ്പിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ, 16-4-2001-ലെ ജി.ഒ.(പി)144/2001/പൊ.വി.വ ഉത്തരവനുസരിച്ചാണ് ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ (എച്ച്.എസ്.എസ്.ടി) നിയമനം നടന്നുവരുന്നത്. എച്ച്.എസ്.എസ്.ടി നിയമനരീതി താഴെപ്പറയും പ്രകാരമാണ്.

1. അതാത് വിഷയത്തിലുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർമാരിൽ നിന്നും ബൈ ട്രാൻസ്ഫർ ഡീൽ ചെയ്യും. അതായത് എച്ച്.എസ്.എസ്.ടി. ജൂനിയറിന്റെ പ്രൊമോഷൻ പോസ്റ്റാണ് എച്ച്.എസ്.എസ്.ടി.

2. മേൽ വിവരിച്ച പ്രകാരം പ്രൊമോഷന് അർഹതയുള്ള എച്ച്.എസ്.എസ്.ടി. ജൂനിയറിന്റെ അഭാവത്തിൽ 1:3 എന്ന റേഷ്യോ പ്രകാരം താഴെ വിവരിക്കും വിധം നിയമനം നടത്തുന്നുണ്ട്.

25 ശതമാനം എച്ച്.എസ്.എ.-മാരിൽനിന്നും പ്രൊമോഷൻ നൽകി, എച്ച് എസ്.എ.-മാർ ഇല്ലെങ്കിൽ യു.പി.എസ്.എ.-യ്ക്ക് പ്രൊമോഷൻ നൽകിക്കൊണ്ട് 75 ശതമാനം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനവുമാണ് നടത്തുന്നത്. മേൽ നിയമപ്രകാരം ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ പോസ്റ്റിലേയ്ക്കുള്ള നിയമനം പൂർണ്ണമായും യോഗ്യരായ ഹയർസെക്ക

ണ്ടറി സ്കൂൾ ജൂനിയർ ടീച്ചേഴ്സുണ്ടെങ്കിൽ അവരിൽ നിന്ന് മാത്രമാണ് നടത്തേണ്ടത്. യോഗ്യരായ ജൂനിയേഴ്സിന്റെ അഭാവത്തിൽ മാത്രമേ ഒഴിവുകൾ 25:75 എന്ന അനുപാതത്തിൽ ഹൈസ്കൂൾ അസിസ്റ്റന്റിനും പി.എസ്.സി. നിയമനത്തിനായും വീതിക്കാൻ കഴിയുകയുള്ളൂ. ഇങ്ങനെ വീതിക്കപ്പെടുന്ന തസ്തികകളിൽ യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റ് ഇല്ലെങ്കിൽ മാത്രമേ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് തസ്തികയിലേയ്ക്ക് യോഗ്യരായ എൽ.പി., യു.പി. അധ്യാപകരെ പരിഗണിക്കുകയുള്ളൂ. ഇത്തരത്തിൽ ഒഴിവുകളുണ്ടായ 1-8-2008 മുതൽ 31-11-2011 വരെയുള്ള കാലത്തെ ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാൻ യോഗ്യരായ എച്ച്.എസ്.എസ്.ടി. ജൂനിയർ അധ്യാപകർ ഇല്ലാത്തതിനാൽ മാറ്റിവയ്ക്കപ്പെട്ട 25 ശതമാനം ഒഴിവുകളിലേയ്ക്കാണ് ബൈ ട്രാൻസ്ഫർ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. ഒഴിവുകൾ ഉണ്ടാകുന്ന സമയത്ത് പ്രൊമോഷന് യോഗ്യരായ എച്ച്.എസ്.എസ്.ടി. ജൂനിയർ അധ്യാപകർ ഉണ്ടെങ്കിൽ തീർച്ചയായും അവരുടെ പ്രൊമോഷൻ ഈ സീനിയോരിറ്റിയെ ബാധിക്കാത്ത രീതിയിൽ അവരെ മാത്രമേ നിയമിക്കുകയുള്ളൂ. ഈ നിമയമമനുസരിച്ച് ചെയ്യുന്ന കാര്യങ്ങൾ ഒരിക്കലും നിലവിലുള്ള അധ്യാപകരെ ബാധിക്കുന്നതല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ബാക്കി കാര്യങ്ങൾകൂടി പരിശോധിക്കുന്നതാണ്.

**ദളിത് യുവാക്കളുടെ പേരിൽ വ്യാജ അക്കൗണ്ടുകൾ**

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഏറ്റവും ഗുരുതരമായിട്ടുള്ള ഒരു വിഷയം ഗവൺമെന്റിന്റേയും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽകൊണ്ടുവരാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ചേലക്കര മണ്ഡലത്തിൽ പരവൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ നിന്നും യുവാക്കളെ സ്വാധീനിച്ച് അവരുടെ പേരിൽ ബാങ്കുകളിൽ അക്കൗണ്ടുകൾ ആരംഭിക്കുകയും പല രഹസ്യ കേന്ദ്രങ്ങളിൽ നിന്നും ആ അക്കൗണ്ടുകളിലേയ്ക്ക് വൻ തുകകൾ വന്നുകൊണ്ടിരിക്കുകയുമാണ്. അങ്ങനെ എത്തിച്ചേരുന്ന തുകകൾ ഈ പട്ടികജാതി യുവാക്കൾ അറിയാതെതന്നെ പിൻവലിക്കുകയും അത് ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയും ചെയ്യുന്നു എന്നുള്ള ഗുരുതരമായ വാർത്തകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. പല മാധ്യമങ്ങളും അത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പാവപ്പെട്ടവരും അറിവില്ലാത്തവരുമായ മുസ്ലീം-ദളിത് യുവാക്കളെ ഉത്തരേന്ത്യയിലെ ചില കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന തീവ്രവാദി സംഘടനകൾ ഇപ്രകാരം വലയിൽ വീഴ്ത്തി അവരുടെ അജ്ഞതയെ ചൂഷണം ചെയ്ത് ദേശദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്നതായിട്ടാണ് അറിയുന്നത്. ഇത്തരത്തിൽ ചതിയിൽപ്പെട്ടവർ ഇതിന്റെ ഗരുതരാവസ്ഥ മനസ്സിലാക്കി പോലീസിൽ പരാതിപ്പെട്ടിട്ടുണ്ട്. പല ദളിത് യുവാക്കളുടേയും പേരിൽ അക്കൗണ്ട് തുടങ്ങിയത് അവർപോലും അറിഞ്ഞിട്ടില്ലായെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

അതുപോലെ അവരുടെ പേരിൽ എ.റ്റി.എം. കാർഡുകളുണ്ട്. അതൊന്നും ദളിത് യുവാക്കളുടെ കൈയിലല്ല ഉള്ളത്, തീവ്രവാദ സംഘടനകളിലെ നേതാക്കളുടെ കൈകളിലാണ് ഈ കാർഡുള്ളത്. അവർ ആവശ്യാനുസരണം ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പണം വിത്ത്ഡ്രോ ചെയ്യുകയാണ്. ഇതുസംബന്ധിച്ച് വടക്കാഞ്ചേരി ചെറുതുരുത്തി എരുമേൽപ്പെട്ടി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ രഹസ്യാന്വേഷണ വിഭാഗം വളരെ മുമ്പുതന്നെ ഈ നീക്കങ്ങളെക്കുറിച്ച് നിരീക്ഷണം നടത്തിവരികയാണ്. എന്നാൽ സംസ്ഥാന പോലീസ് ഇതിനെ ഗൗരവമായി കാണുന്നില്ല എന്നുള്ളതാണ് പരാതി. സംസ്ഥാന പോലീസ് ഇതിനെക്കുറിച്ച് ഇതുവരെ ഗൗരവമായിട്ടുള്ള ഒരന്വേഷണം നടത്തുകയോ കുറ്റവാളികളെ കണ്ടെത്തുകയോ ചെയ്യുന്നില്ല എന്നുള്ള പരാതി പരക്കെ ഉയർന്നിട്ടുണ്ട്. എനിക്ക് സൂചിപ്പിക്കാനുള്ളത് ദേശദ്രോഹ നിലപാടുകൾ സ്വീകരിച്ച് പ്രവർത്തിക്കുന്ന സംഘടനകൾക്ക് നിർബാധം പ്രവർത്തിക്കാനുള്ള സൗകര്യമാണ് ഇന്ന് ചില ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാരുടെ അറിവോടുകൂടി നമ്മുടെ സംസ്ഥാനത്ത് നടന്നുവരുന്നതെന്നാണ്. ഇവിടെ സി.പി.ഐ(എം)-നെ വേട്ടയാടി നശിപ്പിക്കുകയെന്നുള്ള ലക്ഷ്യം മാത്രമാണുള്ളത്. സി.പി.ഐ(എം)-നെ വേട്ടയാടി നശിപ്പിക്കാനുള്ള വ്യഗ്രതയിൽ നമ്മുടെ നാട്ടിലുണ്ടാകുന്ന ദേശദ്രോഹ നടപടികൾ കാണാതെ പോകുന്നുവെന്നുള്ളത് ഏറ്റവും ഗുരുതരമായ ഒരവസ്ഥയാണ്. ഇതിന് കേരളം വലിയ വിലനൽകേണ്ടിവരും എന്നുള്ളതാണ് എനിക്ക് ഈ

സബ്മിഷനിലൂടെ ഇവിടെ ഉന്നയിക്കാനുള്ളത്. അതുകൊണ്ട് എത്രയുംപെട്ടന്ന് ഉന്നതമായ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്താനും ഈ ദേശദ്രോഹ പ്രവർത്തനങ്ങൾ തടയാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) സർ, സംസ്ഥാന ഗവൺമെന്റ് ഒരു നടപടിയും എടുത്തിട്ടില്ല എന്നു പറഞ്ഞതിനോട് ഞാൻ വിയോജിക്കുകയാണ്. കാരണം ഇൻഡ്യൻ ശിക്ഷാ നിയമം **403, 406, 470, 468** ഐ. പി. സി. ആക്ട് **66**(സി) എന്നീ____വകുപ്പു പ്രകാരം **471/2012** ആയി ചെറുതുരുത്തി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് ഇതിന്റെ ഗൗരവം മനസ്സിലാക്കി ചില നടപടികൾ എടുക്കുന്നുണ്ട്. പക്ഷെ അങ്ങ് ഇവിടെ സംസാരിച്ചത് അതീവ ഗൗരവതരമായ ഒരു കാര്യമാണ്. അതിനാവശ്യമായ രൂപത്തിൽ അന്വേഷണം നടത്തുന്നതാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ സഹായത്തോടുകൂടിത്തന്നെ ആ അന്വേഷണം നടത്തണമെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ താല്പര്യം. അതുകൊണ്ട് ഉന്നതതലത്തിൽ ഇതിന്റെ അന്വേഷണം നടത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന മുഴുവൻ കാര്യങ്ങളും ചെയ്യും. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, ദളിത് യുവാക്കളുടെ പേരിൽ ബിനാമി അക്കൗണ്ട് ആരംഭിച്ച്

പണം വിത്ത്ഡ്രോ ചെയ്യുകയാണ് എന്നാണ്. അക്കൗണ്ട് തുടങ്ങുന്നതിനു വേണ്ടി ആ കുട്ടികൾ പോയിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് എനിക്കറിയില്ല. സാധാരഗതിയിൽ ഒരു അക്കൗണ്ട് ആരംഭിക്കണമെങ്കിൽ അവരുടെ പേഴ്സണൽ സിഗ്നേച്ചർ വേണം, അവരെ ഒരാൾ ഇൻട്രൊഡ്യൂസ് ചെയ്യ ണം, അവരുടെ ഐഡന്റിറ്റി കാർഡ് വേണം, റേഷൻ കാർഡ് ഹാജരാക്ക ണം. ഇതൊക്കെ സാധാരണഗതിയിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്ന തിനുള്ള നടപടിക്രമങ്ങളാണ്. ആ നടപടികക്രമങ്ങളൊന്നും പാലിക്കാതെ യാണ് അക്കൗണ്ട് തുടങ്ങിയതെങ്കിൽ അത് ഇതിനെക്കാൾ ഗൗരവതരമായ ഒരു കുറ്റമാണ്. അതുകൊണ്ട് അത് പരിശോധിക്കും. ഗവൺമെന്റ് അത് വളരെ ഗൗരവതരമായി കാണുകയും ചെയ്യും. അങ്ങിവിടെ സൂചിപ്പിക്കുക യുണ്ടായി, അങ്ങയെപ്പോലുള്ള ഒരു വ്യക്തി ശുദ്ധമായ പാലിനകത്ത് ഒരു തുള്ളി വിഷം കലർത്തുന്നതുപോലുള്ള നടപടി സൂചിപ്പിച്ചതിൽ എനിക്ക് ദു:ഖമുണ്ട്. അങ്ങ് ഒരിക്കലും അത് ചെയ്യാത്ത ആളാണ്. അങ്ങയുടെ തല യിൽ എത്രയോ രൂപത്തിൽ ഇത് അടിച്ചേൽപ്പിക്കുന്നതിനുള്ള ബാഹ്യ സമ്മർദ്ദം വന്നതുകൊണ്ട് പറഞ്ഞതാണ്. സ്വയമേവ അങ്ങ് ഇങ്ങനെ ഒരി ക്കലും പറയാത്ത ആളാണ്. അതുകൊണ്ട് ദയവായി നമുക്ക് ഈ കാര്യ ത്തിനകത്തൊന്നും പാർട്ടികളുടെ പ്രശ്നമേയില്ല. ഇക്കാര്യത്തിലൊന്നും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല. ഇത് ഇൻഡ്യയുടെ പ്രശ്നമാണ്, രാജ്യ ത്തിന്റെ പ്രശ്നമാണ്. രാജ്യത്തിന്റെ പ്രശ്നത്തെ പൊതുവായി നേരിടുന്ന രൂപത്തിൽ, അവിടെയാണ് നമ്മൾ നാഷണൽ പ്രൗഡ് കാണിക്കേണ്ടത്,

അതിൽ നമുക്ക് വിഭാഗീയതയും ഭിന്നതയും വേണ്ട. അതുകൊണ്ട് ഇതിലെ കുറ്റവാളികളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടിയിലേക്ക് പോകുന്നതാണ്.

**കെ.വി. നാരായണന്റെ മരണം**

ഡോ. കെ.ടി. ജലീൽ: സർ, മലപ്പുറം ജില്ലയിലെ വട്ടംകുളം പഞ്ചായത്തിൽ ശ്രീ. കെ.വി. നാരായണൻ, S/o കുഞ്ഞൻ നായർ, മുതൂർ, 43 വയസ് എന്നയാൾ 15.07.2012-ന് ചീട്ടുകളി കണ്ടുകൊണ്ടിരുന്ന സ്ഥലത്ത് പോലീസിനെ കണ്ട് ഭയന്നോടി തൊട്ടടുത്തുള്ള മണ്ണെടുത്ത കുഴിയിൽവീണ് കഴുത്തൊടിഞ്ഞ് മരണപ്പെടുകയുണ്ടായി. അദ്ദേഹത്തെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകാൻ പോലീസ് വാഹനം വിട്ടുകൊടുക്കാത്തത് നാട്ടുകാരിൽ വലിയ പ്രതിഷേധം ഉണ്ടാക്കുകയുണ്ടായി. അദ്ദേഹത്തെ യഥാസമയം ആശുപത്രിയിൽ എത്തിച്ചിരുന്നുവെങ്കിൽ ജീവൻ രക്ഷിക്കാമായിരുന്നു. കമ്മ്യൂണിറ്റി പോലീസ് എന്നുള്ള സങ്കല്പം ജനങ്ങളിൽ നിന്ന് അകലാനല്ല; അവരുമായി അടുക്കാനാണ് എന്നാണ് പറഞ്ഞിരുന്നത്. പക്ഷേ, നേരെ വിരുദ്ധമായിട്ടുള്ള പ്രവൃത്തികളാണ് പോലീസിന്റെ ഭാഗത്തുനിന്നും ഈ മരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളത്. കൂലിവേല ചെയ്ത് ജീവിച്ചിരുന്ന അദ്ദേഹം വട്ടംകുളം പഞ്ചായത്തിൽ 5 സെന്റ് സ്ഥലത്ത് ഇ.എം.എസ്. ഭവനപദ്ധതിയിലൂടെ ലഭ്യമായ വീട്ടിലാണ് താമസിച്ചിരുന്നത്. ഭാര്യയും രണ്ട് കുട്ടികളുമുള്ള അദ്ദേഹത്തിന്റെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകാനും യഥാസമയം അദ്ദേഹത്തെ ആശുപത്രിയിൽ എത്തിക്കാൻ വൈമുഖ്യം കാണിച്ച പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണമെന്ന് ആവശ്യപ്പെ

ടാൻ കൂടിയാണ് ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്. അങ്ങ് ഇതിന് അനുകൂല മറുപടി നൽകുമെന്ന പ്രതീക്ഷ എനിക്കുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യത്തെക്കുറിച്ച് ഡിപ്പാർട്ട്മെന്റിൽ നിന്ന് എനിക്ക് ഏകദേശം ലഭിച്ച മറുപടി പറയാം. പോലീസ് പട്രോളിംഗ് നടത്തുന്ന സന്ദർഭത്തിൽ അവിടെ ചീട്ടുകളിച്ചുകൊണ്ടിരുന്ന പന്ത്രണ്ട് ആളുകൾ പോലീസിനെകണ്ട് ഭയന്നോടി. അതിൽ സെയ്തലവി, മണികണ്ഠൻ, ഉണ്ണികൃഷ്ണൻ എന്നീ മൂന്നുപേരെ പിടികൂടുകയും കളിക്കളത്തിൽ നിന്ന് ഏതാണ്ട് 6070 രൂപയും 44 ചീട്ടുകളും നിലത്തുവിരിച്ചിരുന്ന ടാർപ്പായും സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ബന്തവസ്സിലെടുക്കുകയും ചെയ്തു. പോലീസ് പിടികൂടിയ മൂന്നുപേരെയും പോലീസ് ജീപ്പിൽ കൊണ്ടിരുത്തി ഒരു സിവിൽ പോലീസ് ഓഫീസറെ കാവൽ ഏർപ്പെടുത്തിയതിനുശേഷം ഗ്രേഡ് എസ്.ഐ.യും 3 സിവിൽ പോലീസ് ഓഫീസറുമായി ഓടിപ്പോയവരെ അന്വേഷിക്കുന്നതിനുവേണ്ടി അവിടെ ചെല്ലുമ്പോൾ ചീട്ടുകളി നടന്നതിന്റെ തെക്കുഭാഗത്തായി മണ്ണെടുത്തുമാറ്റിയ, ഉദ്ദേശം 25 അടി താഴ്ചയുള്ള സ്ഥലത്തേയ്ക്ക് രണ്ടുപേർ വീണുകിടക്കുന്നതായികണ്ടു. ഉടൻതന്നെ ഇരുവരേയും നാട്ടുകാരുടെ സഹായത്തോടെ കരയ്ക്കു കയറ്റി. മലയുടെ എതിർവശത്ത് നിർത്തിയിട്ടിരുന്ന പോലീസ് ജീപ്പിനെ അവിടെ എത്തിക്കു

ന്നത് അസാദ്ധ്യമായതിനാൽ ടി സ്ഥലത്തുനിന്ന് ഒരു ഓട്ടോറിക്ഷ വിളിച്ച് പരിക്കേറ്റവർക്കൊപ്പം ഒരു സിവിൽ പോലീസ് ഓഫീസറേയും ഒരു നാട്ടു കാരനേയും അതിൽ കയറ്റി തൊട്ടടുത്ത എടപ്പാൾ ഗോപിനാഥൻ ആശുപ ത്രിയിലെത്തിച്ചു. ഡോക്ടർ പരിശോധിച്ചതിൽ വട്ടംകുളം കപ്പൂർ വിളക്ക ത്തറ വീട്ടിൽ നാരായണൻ എന്നയാൾ മരണപ്പെട്ടതായും മുതൂർ മേലേ തിൽ വീട്ടിൽ അഭിലാഷിന് നിസ്സാരമായ പരിക്കേറ്റതായും അറിയിച്ചു. ചീട്ടുകളി സ്ഥലത്ത് നിന്ന് പിടികൂടിയവരുമായി സ്റ്റേഷനിലെത്തിയ ഗ്രേഡ് എസ്.ഐ. അവരെ മൂന്നുപേരെയും പ്രതികളാക്കി കേരള ഗ്യാം ബ്ലിംഗ് ആക്ട് വകുപ്പ് 15 പ്രകാരം ക്രൈം 566/2012 ആയി പൊന്നാനി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്നുതന്നെ അവരെ ജാമ്യത്തിൽ വിട്ടു. നാരായണൻ മരണപ്പെട്ടതിന് ആശുപത്രിയിൽ നിന്ന് ലഭിച്ച ഇന്റിമേഷൻ പ്രകാരം സ്വാഭാവികമായ മരണത്തിന് സി.ആർ.പി.സി. 174 വകുപ്പ് പ്രകാരം ക്രൈം 567/2012 ആയി കേസ് രജിസ്റ്റർ ചെയ്തു. ഇതാണ് അവിടെ നടന്നിട്ടുള്ള സംഭവം. ചീട്ടുകളി സ്ഥലത്ത് പോലീസ് എത്തിയതാണ്, യഥാർത്ഥത്തിൽ അവരെ പിടിക്കാൻ പോയതല്ല. പട്രോ ളിംഗിനുപോയ സന്ദർഭത്തിൽ ചീട്ടുകളി കണ്ടതിനെത്തുടർന്ന് അവർ അവിടെ ഇറങ്ങിയതാണ്. ഭയന്നോടിയ രണ്ട് ആളുകൾ മണ്ണെടുത്ത കുഴി യിലേയ്ക്ക് എടുത്തുചാടിയതാണ്. ജീപ്പിനുള്ളിൽ മൂന്നുപേരെ ഇരുത്തിയ തിനുശേഷം ബാക്കിയുള്ളവരെ കാണാനായി പോലിസ് ചെന്നു. അങ്ങേയ്ക്ക് ആ സ്ഥലം വളരെ നന്നായിട്ടറിയാവുന്നതാണ്. മലയുടെ

മറുവശത്തുനിന്ന് ജീപ്പ് കറക്കിക്കൊണ്ടുവരുമ്പോൾ കൂടുതൽ സമയം പോകും. ഒട്ടും സമയം കളയാതിരിക്കാൻ വേണ്ടിയാണ് ഓട്ടോറിക്ഷയിൽ അവരെ ആശുപത്രിയിൽ എത്തിച്ചത്. ഇതാണ് യഥാർത്ഥത്തിലുള്ള കാര്യം. ഏതായാലും ഇത് ഗൗരവമായി ആലോചിക്കും. ഒറ്റവാക്കിൽ നഷ്ടപരിഹാരത്തെക്കുറിച്ച് ഇപ്പോൾ പറയുന്നില്ല. അതിനെക്കുറിച്ച് ഗൗരവതരമായി പരിശോധിക്കുന്നതാണ്.

## വിദ്യാർത്ഥിയുടെ മരണം

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലമായ ചെങ്ങന്നൂരിലെ ക്രിസ്ത്യൻ കോളേജിൽ ഇന്നലെയുണ്ടായ ദൗർഭാഗ്യകരവും ദാരുണവുമായ സംഭവത്തിൽ വിശാൽ എന്ന എ.ബി.വി.പി. പ്രവർത്തകൻ ഇന്ന് പുലർച്ചെ 3.30-ന് മരണപ്പെട്ടതും അതിനുശേഷം അവിടെ ഉടലെടുക്കുന്ന ഗുരുതരമായ സാഹചര്യവും ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്നലെ ഒന്നാം വർഷ ഡിഗ്രി പ്രവേശനവുമായി ബന്ധപ്പെട്ട് പുതിയതായി കോളേജിൽ വന്ന വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥി സംഘടനകൾ മധുരം വിതരണം ചെയ്യുന്നതിനിടയിൽ കോളേജ് ജംഗ്ഷനിൽ എ.ബി.വി.പി.-ക്യാമ്പസ് ഫ്രണ്ട് പ്രവർത്തകർ തമ്മിൽ സംഘർഷമുണ്ടാവുകയും അതിൽ എ.ബി.വി.പി. പ്രവർത്തകനായ വിശാൽ, വിഷ്ണുപ്രസാദ്, ശ്രീജിത് എന്നിവർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. കുത്തേറ്റ വിശാൽ ഇന്ന് പുലർച്ചെ 3.30 മണിക്ക് മെഡിക്കൽ കോളേജിൽ ആശുപത്രിയിൽവച്ച് മരണപ്പെടുകയുണ്ടായി. അതിനുശേഷം പ്രദേശത്ത് സംഘർഷത്തിന്റെ അന്തരീക്ഷം നിലനിൽക്കുകയാണ്. കോളേജ് ക്യാമ്പസിന്റെ വെളിയിൽ നടന്ന ഈ സംഭവത്തിന് മറ്റൊരു തലത്തിലേയ്ക്ക് വ്യാഖ്യാനം ഉണ്ടാകുകയും ആ തരത്തിലേയ്ക്കും തലത്തിലേയ്ക്കും വളർത്തിക്കൊണ്ടുവരുവാനുമുള്ള ശ്രമങ്ങൾ അവിടെ നടക്കുകയാണ്. ഗുരുതരമായ ഒരു സ്ഥിതിയുണ്ട്, അതിനെ ആ ഗൗരവത്തിൽ നോക്കിക്കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ

കേസ്സിലെ യഥാർത്ഥ പ്രതികളെ അടിയന്തരമായി കണ്ടെത്തി അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുള്ള നടപടിയുണ്ടാകണം. ക്യാമ്പസ്സുകളിൽ തീവ്രവാദ സ്വഭാവമുള്ള സംഘടനകൾ അവരുടെ സ്വാധീനമുറപ്പിക്കാൻ ശ്രമിക്കുന്നതിനെ വളരെ ഗൗരവത്തോടുകൂടി കാണണമെന്നതിന്റെ ഒരു ഉദാഹരണം കൂടിയാണ് ഇത്. പുറത്തുനിന്നുള്ള ആളുകൾ ക്യാമ്പസ്സിലെത്തി ഇത്തരത്തിൽ സംഘട്ടനമുണ്ടാക്കുകയും കൊലപാതകത്തിലേയ്ക്കുപോലും നയിക്കുന്ന സാഹചര്യമാണുണ്ടായത്. ഈ ഗുരുതരമായ സാഹചര്യത്തെ അടിയന്തരമായി നേരിട്ടുകൊണ്ട് പ്രതികളെ അറസ്റ്റ് ചെയ്ത്, അവിടെയുണ്ടായ സംഭവം മറ്റൊരു തലത്തിലേയ്ക്ക് കടക്കാതിരിക്കുന്നതിനു വേണ്ട ജാഗ്രത പാലിക്കണമെന്ന് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽകൊണ്ടുവരികയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാന്യനായ പി.സി. വിഷ്ണുനാഥ് പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ചെങ്ങന്നൂർ പോലീസ് പരിധിയിൽപ്പെട്ട ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ ഒന്നാം വർഷ ബിരുദ ക്ലാസുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കോളേജിൽ നവാഗതർക്ക് സ്വാഗതം ആശംസിക്കുന്നതുമായി ബന്ധപ്പെട്ട് 16.07.2012-ന് രാവിലെ കോളേജിനകത്തുവച്ച് എ.ബി.വി.പി. പ്രവർത്തകർ ബിനുശേഖർ, അമ്പിളി എന്നു വിളിക്കുന്ന ശ്രീജിത് എന്നിവരും ടി കോളേജിലെ ബിരുദ

വിദ്യാർത്ഥികളും ക്യാമ്പസ് ഫ്രണ്ട് പ്രവർത്തകരുമായ നാസിം, ആഷിക് എന്നിവരുമായി വാക്കുതർക്കമുണ്ടായി. ഇതിനുശേഷം വിരോധംകൊണ്ട് രാവിലെ 10.45-ന് കോളേജിന് മുൻവശത്തുള്ള റോഡിൽവച്ച് നാസിം, ആഷിക് എന്നിവരുടെ നേതൃത്വത്തിൽ 7 ബൈക്കുകളിലായി എത്തിയ കണ്ടാലറിയാവുന്ന ഒരുകൂട്ടം ആൾക്കാർ ചേർന്ന് ആർ.എസ്.എസ്.-എ. ബി.വി.പി. പ്രവർത്തകരെ ആക്രമിക്കുകയും അതിൽ ആർ.എസ്.എസ്. ചെങ്ങന്നൂർ നഗരശാരീരിക് പ്രമുഖ് വിശാൽ, ശ്രീജിത്, വിഷ്ണുപ്രസാദ് എന്നിവരെ കുത്തി പരിക്കേൽപ്പിക്കുകയും ചെയ്തു. വിഷ്ണുപ്രസാദ് കോളേജിലെ വിദ്യാർത്ഥിയും എ.ബി.വി.പി. പ്രവർത്തകനുമാണ്. പരിക്കേറ്റ വിഷ്ണുപ്രസാദിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ നാസിം, ആഷിക് മറ്റ് കണ്ടാലറിയാവുന്ന 12 പേർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം 143, 144, 147, 148, 307, 149 എന്നീ വകുപ്പുകൾ പ്രകാരം ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിൽ 937/12 ആയി കേസ് രജിസ്റ്റർ ചെയ്തു. പരിക്കേറ്റ വിശാലിനെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും ശ്രീജിത്, വിഷ്ണുപ്രസാദ് എന്നിവരെ ചെറിയാൻ മെമ്മോറിയൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ചികിത്സയിൽ കഴിഞ്ഞുവരവേ വിശാൽ 17.07.2012-ന് പുലർച്ചെ 3.00 മണിയോടെ മരണപ്പെട്ടു. ഇതിലേയ്ക്ക് ഇന്ത്യൻ ശിക്ഷാനിയമം 302 വകുപ്പ് കൂടുതലായി ചേർത്ത് കോടതിക്ക് റിപ്പോർട്ട് കൊടുക്കുന്നതാണ്. മരണപ്പെട്ട വിശാലും പരിക്കേറ്റ ആർ.എസ്.എസ്. മുഖ്യശി

ക്ഷക് ശ്രീജിത്തും കോളേജിലെ വിദ്യാർത്ഥികളല്ല എന്നറിവായിട്ടുണ്ട്. ഈ കേസ്സിലെ അന്വേഷണം ചെങ്ങന്നൂർ സി.ഐ.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. അവിടെ ഇന്ന് ഹർത്താൽ ആചരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യത്തിന് പോലീസിനെ വിന്യസിപ്പിച്ചിട്ടുണ്ട്. എല്ലാ മുൻകരുതലുകളും എടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ സംസാരിക്കുന്ന ഈ സന്ദർഭത്തിലും സ്ഥിതി സംഘർഷാഭരിതമാണെങ്കിലും കാര്യങ്ങൾ നിയന്ത്രണവിധേയമായി മുന്നോട്ടുപോകുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഒരു കാര്യം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഇന്ന് സബ്മിഷൻ അവതരിപ്പിച്ച അംഗങ്ങളും മറുപടി പറഞ്ഞ ബഹുമാനപ്പെട്ട മന്ത്രിമാരും വളരെ ദീർഘമായാട്ടാണ് സംസാരിച്ചത്. ഇന്ന് 16 സബ്മിഷനുകളുണ്ട്. 12.00 മണി കഴിഞ്ഞിട്ടും സബ്മിഷനിൽ തന്നെ തുടരേണ്ട സ്ഥിതിവിശേഷം വന്നിരിക്കുന്നു. സഭ തീരാൻ വളരെ സമയമെടുക്കും എന്നുള്ളത് ശ്രദ്ധിക്കണം. അതുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കുന്ന അംഗങ്ങളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും കഴിയുന്നതും ചുരുക്കി പറയണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

## അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം

ശ്രീ. പി. ഉബൈദുള്ള : സർ, നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടികൾ, ഹെൽത്ത് സെന്ററുകൾ, വെറ്ററിനറി ഡിസ്പെൻസറികൾ, കൃഷി ഭവനുകൾ തുടങ്ങിയ സർക്കാർ ഓഫീസുകൾ ഇപ്പോഴും മഹാഭൂരിഭാഗവും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഗവൺമെന്റിന് ഈയിനത്തിൽ ഭീമമായ ഒരു സംഖ്യ ചെലവഴിക്കേണ്ടിവരുന്നു. സർക്കാർ കൊടുക്കുന്ന വളരെ തുച്ഛമായ വാടകസംഖ്യ തികയാത്തതുകൊണ്ട് പലപ്പോഴും പൊതുജനങ്ങളിൽ നിന്നും വെൽഫയർ കമ്മിറ്റികളിൽ നിന്നും പിരിവെടുത്താണ് ഈ ഓഫീസുകൾക്ക് വാടക നൽകിയിരുന്നത്. പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ഇത്തരം സ്ഥാപനങ്ങൾക്കുവേണ്ടി സ്ഥലം വാങ്ങിക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഫെയർ വാല്യൂ അടിസ്ഥാനത്തിലുള്ള വിലയാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. ന്യായവിലയേക്കാൾ നാലും അഞ്ചും ഇരട്ടിയിലധികം പൊതുമാർക്കറ്റിൽ വിലയുള്ളതിനാൽ പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് ഭൂമി കണ്ടെത്താൻ ഇന്ന് ഏറെ പ്രയാസമാണ്. റോഡുകൾക്കും പാലങ്ങൾക്കും അതുപോലെ മറ്റു സർക്കാർ സ്ഥാപനങ്ങൾക്കും സ്ഥലം അക്വയർ ചെയ്യുമ്പോൾ പൊന്നുംവില കൊടുക്കാനുള്ള സംവിധാനം ഇന്ന് നിലവിലുണ്ട്. എന്നാൽ ഈ മാനദണ്ഡം പഞ്ചായത്ത് നിയന്ത്രണത്തിലുള്ള ഇത്തരം സ്ഥാപനങ്ങൾക്ക് ബാധകമല്ല. അതുകൊണ്ട് പഞ്ചായത്ത് നിയന്ത്രണത്തിലുള്ള ജനങ്ങൾ നിരന്തമായി ഇടപെടേണ്ട ഇത്തരം സ്ഥാപനങ്ങൾക്കുകൂടി ഈ മാനദണ്ഡം ബാധകമാക്കണമെന്നാണ്

എനിക്ക് പറയാനുള്ളത്. പഞ്ചായത്ത് സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ഭൂമി ലാന്റ് ബാങ്കിൽ നിന്ന് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാക്കണമെന്നുകൂടി ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ ന്യായവില സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ പരാതികളുടെ അടിസ്ഥാനത്തിൽ ന്യായവില സംബന്ധിച്ച അപാകതകൾ പരിശോധിച്ച് പരിഹാരം കാണുന്നതിനായി മന്ത്രിസഭ ഉപസമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ ന്യായവിലയിന്മേലുള്ള പരാതികളുമായി ബന്ധപ്പെട്ട് താലൂക്കുകളിൽ പോയി പൊതുജനങ്ങളിൽ നിന്ന് അഭിപ്രായം കേട്ടതിനുശേഷം ന്യായവില നിർണ്ണയത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സർക്കാരിന് മൂന്നുമാസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യണമെന്ന് 06-06-2012-ൽ ചേർന്ന മന്ത്രി സഭായോഗം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്. അംഗൻവാടിപോലുള്ള സ്ഥാപനങ്ങൾക്ക് മാർക്കറ്റ് വിലയെ അടിസ്ഥാനപ്പെടുത്തി വസ്തു വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും ഉതകുന്ന തരത്തിൽ നിലവിലുള്ള വ്യവസ്ഥകളിൽ ഇളവുവരുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്.

Uncorrected / Not for Publication

## ഭൂനികുതി സ്വീകരിക്കൽ

ശ്രീ. സി. കൃഷ്ണൻ: സർ, പയ്യന്നൂർ നിയോജകമണ്ഡലത്തിലെ തളിപ്പറമ്പ് താലൂക്കിലെ വിവിധ വില്ലേജുകളിലെ കൈവശക്കാർക്ക് പട്ടയം ലഭിക്കാത്തതും കൈവശക്കാരിൽനിന്ന് ഭൂനികുതി സ്വീകരിക്കാത്തതും സംബന്ധിച്ച പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. ആലപ്പടമ്പ് വില്ലേജിൽ വെളിച്ചംതോട്, കരക്കാട്, കൂട്ടപ്പുന്ന പ്രദേശങ്ങളിൽ കഴിഞ്ഞ 35 വർഷമായി 85-ഓളം കുടുംബങ്ങൾ അമ്പത് സെന്റുവരെ ഭൂമി കൈവശംവച്ച് താമസിക്കുകയാണ്. ഇവരിൽ 52 കുടുംബങ്ങൾക്ക് 1995-ൽ അമ്പത് സെന്റുവീതം പ്ലോട്ട് തിരിച്ചുവച്ചുവെങ്കിലും ഇവരുൾപ്പെടെ ആർക്കും പട്ടയം ലഭിച്ചിട്ടില്ല. വെളിച്ചംതോട്, കൂട്ടപ്പുന്ന, കരിയാപ്പ് പ്രദേശങ്ങളിലെ 152-ഓളം കുടുംബങ്ങളിൽ നിന്ന് 1994-1995-ന് ശേഷം നികുതി സ്വീകരിക്കുന്നില്ല. പെരിങ്ങോം വില്ലേജിൽ മടക്കാംപൊയിൽ, ചിലക്, വണ്ണാരപൊയിൽ, കരിന്തടം, പുക്കൽ, കൂവപ്പൊയിൽ, കോട്ടോൽ, അരവഞ്ചാൽ എന്നിവിടങ്ങളിലെ 60-ൽപ്പരം കൈവശക്കാരിൽ നിന്നും 1996 മുതൽ വില്ലേജ് അധികൃതർ നികുതി സ്വീകരിക്കുന്നില്ല. അതുപോലെ 40 വർഷക്കാലമായി വീടുവച്ച് താമസിക്കുന്ന 40-ൽപ്പരം കുടുംബങ്ങൾക്ക് കൈവശരേഖയും അനുവദിച്ചിട്ടില്ല. എരമം വില്ലേജിൽ എരമം, പുല്ലുപാറ, കണ്ണാപ്പള്ളിപൊയിൽ പ്രദേശങ്ങളിൽ രേഖപ്രകാരം സ്ഥലം കൈവശം വച്ചു

വരുന്ന 200–ഓളം കുടുംബങ്ങളിൽ നിന്നും 1997–ന് ശേഷം നികുതി സ്വീകരിക്കുന്നില്ല. വെള്ളോറ വില്ലേജിൽ കൈവശഭൂമിക്ക് രേഖയും പട്ടയവുമുള്ള 7 കുടുംബങ്ങളിൽ നിന്ന് 1984–ന് ശേഷം നികുതി സ്വീകരിച്ചിട്ടില്ല. അതുപോലെ 30–ലധികം വർഷങ്ങളായി വെള്ളോറ, കായപ്പൊയിൽ, കടവനാട് പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ ഭൂരിഭാഗവും പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളാണ്. 123 കുടുംബങ്ങൾക്ക് കൈവശരേഖയോ പട്ടയമോ ലഭിച്ചിട്ടില്ല. വെള്ളൂർ വില്ലേജിൽ കണ്ടോത്ത് കിഴക്കെകൊവ്വൽ കോളനിയിൽ 40 വർഷക്കാലമായി താമസിക്കുന്ന കുടുംബങ്ങൾക്ക് കൈവശരേഖയോ പട്ടയമോ നൽകിയിട്ടില്ല. പുളിങ്ങോം വില്ലേജിൽ ആറാട്ടുകടവ് പ്രദേശത്ത് 50 വർഷമായി താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെ 31 കുടുംബങ്ങൾക്ക് കൈവശരേഖയോ പട്ടയമോ ലഭിച്ചിട്ടില്ല. ആകെയുള്ള 215 കുടുംബങ്ങളിൽ 184 കുടുംബങ്ങൾക്ക് 1988–ൽ പട്ടയം നൽകിയിരുന്നു. ഫോറസ്റ്റ് അതിർത്തിയുമായി ബന്ധപ്പെട്ട് കിടക്കുന്ന ഈ കുടുംബങ്ങൾക്ക് കർണ്ണാടക ഗവൺമെന്റിന്റെ ഒഴിപ്പിക്കൽ ഭീഷണിയെ നേരിടുകയാണ്. ജോസ്ഗിരി കമ്മാളി പ്രദേശത്തെ കൈവശക്കാരായ 92 കുടുംബങ്ങൾക്ക് കൈവശരേഖ ലഭിക്കാത്തത് സംബന്ധിച്ച പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. തളിപ്പറമ്പ് താലൂക്കിലെ ആലപ്പടമ്പ്, പെരുങ്ങോം, എരമം, വെള്ളോറ, കുറ്റൂർ, വെള്ളൂർ, പയ്യന്നൂർ, രാമന്തളി, പുളിങ്ങോം വില്ലേജുകളിൽ ആയിരത്തോളം കുടുംബങ്ങൾ നേരിടുന്ന ഭൂപ്രശ്നം പരി

ഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരുന്തിട്ട, കാങ്കോൽ, രാമന്തളി വില്ലേജുകൾ ഒഴികെയുള്ള വില്ലേജുകളിലെ കൈവശക്കാർക്ക് പട്ടയം ലഭിക്കാത്തതും നികുതി സ്വീകരിക്കാത്തതും സംബന്ധിച്ച നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. പെരിങ്ങോം വില്ലേജിൽ ശ്രീ. കെ.യു. ജോണിൽ നിന്നും ഏറ്റെടുത്ത റീ സർവ്വേ 317/1 (എ)-ലെ ഭൂമിയിലെ അനധികൃത കൈവശക്കാരിൽ നിന്നും നികുതി സ്വീകരിക്കുന്നില്ല. റീസർവ്വേ പൂർത്തിയായപ്പോൾ മിച്ചഭൂമിയുടെ വിസ്തീർണ്ണം കുറയുകയുണ്ടായി. സർക്കാർ അധീനതയുള്ള ഭൂമി സ്വകാര്യ ഭൂമിയായി റീസർവ്വേ റിക്കാർഡുകളിൽ വന്നതാണ് ഇത്. ഭൂമിയിലെ കൈവശക്കാരുടെ രേഖകളും മറ്റും പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പടമ്പ് വില്ലേജിൽ കുറുവേലി ദേശത്ത് സർവ്വേ നമ്പർ 1/1-ൽപ്പെട്ട 245.81 ഏക്കർ ശ്രീ. കെ.യു. ജോണിൽ നിന്ന് ഏറ്റെടുത്തിരുന്നു. ഈ ഭൂമിയിൽ അനധികൃതമായി കയ്യേറി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനാണ് നിവേദനം നൽകിയിട്ടുള്ളത്. ഇക്കാര്യവും വെള്ളോറ വില്ലേജിൽ കക്കറ, പുറപട്ടം കായപ്പൊയ്യിൽ പ്രദേശത്ത് മിച്ചഭൂമി കയ്യേറി താമസിക്കുന്നവർക്ക് പട്ടയം ലഭിക്കണമെന്ന നിവേദനവും പരിശോധിച്ചുവരുകയാണ്. എരമം വില്ലേജിൽ റീസർവ്വേ കഴിഞ്ഞ് റിക്കാർഡുകൾ നിലവിൽ വന്നതിനാൽ ഭൂനി

കുതി രജിസ്റ്ററിൽ പേരുചേർത്ത് നികുതി സ്വീകരിച്ചുവരുന്നുണ്ട്. അപ്രകാരം പേരുവരാത്ത കേസ്സുകളിൽ പേരുവരുത്തുവാനുള്ള നടപടികൾ താലൂക്കുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. പുളിങ്ങോം വില്ലേജിൽ ശ്രീമതി ത്രേസ്യാമ്മ വർഗ്ഗീസിൽ നിന്നും ഏറ്റെടുക്കാൻ ഉത്തരവായ റീസർവ്വേ 127/1-ൽ ഉൾപ്പെടുന്ന 118.25 ഏക്കർ ഭൂമിയിലുള്ള അനധികൃത കൈവശക്കാർ പട്ടയം ലഭിക്കാൻ നിവേദനം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ ഭൂമി ഏറ്റെടുത്തിട്ടില്ല. വെള്ളൂർ വില്ലേജിലെ ശ്രീമതി നാരായണിയമ്മയിൽ നിന്ന് ഏറ്റെടുത്ത മിച്ചഭൂമി അഞ്ച് പട്ടികജാതി കുടുംബങ്ങൾ കൈവശംവച്ച് വരുന്നുണ്ട്. ഇതിൽ രണ്ട് കുടുംബങ്ങൾക്ക് കോറോ വില്ലേജിൽ ഓരോ ഏക്കർ മിച്ചഭൂമി ലഭിച്ചിട്ടുണ്ട്. മിച്ചഭൂമി കയ്യേറി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകാൻ നിലവിലുള്ള നിയമ പ്രകാരം സാധിക്കില്ല.

ചക്ളിയൻ, വേടൻ വിഭാഗക്കാർക്ക് ഭവനനിർമ്മാണ പദ്ധതി

ശ്രീ. അൻവർ സാദത്ത്: സർ, പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുന്ന ചക്ലിയൻ, വേടൻ, അരുന്ധതിയാർ, നായാടി, വേട്ടുവൻ, കല്ലാടി എന്നീ വിഭാഗക്കാരുടെ ജീവിതം മറ്റുള്ള പട്ടികജാതിവിഭാഗങ്ങളിൽ നിന്നും വളരെ ദയനീയമാണ്. ഇതിൽ ഭൂരിപക്ഷവും വീടോ താമസസൗകര്യമോ ഇല്ലാതെ ബുദ്ധിമുട്ടുകയാണ്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി പ്രത്യേക ഭവനനിർമ്മാണ പദ്ധതി നടപ്പാക്കാനും പരമാവധി ആനുകൂല്യങ്ങൾ നൽകുവാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ചക്ലിയൻ സമുദായ ത്തിൽപ്പെട്ടവർ എന്റെ നിയോജകമണ്ഡലത്തിൽ താമസിക്കുന്നതു കൊണ്ടും ഇവരുടെ അവസ്ഥ നേരിട്ട് മനസ്സിലാക്കിയതുകൊണ്ടുമാണ് സഭയുടെ ശ്രദ്ധയിൽ ഞാൻ ഈ വിഷയം കൊണ്ടുവന്നത്. ഈ വിഭാഗ ക്കാരെ പിന്നോക്കാവസ്ഥയിൽ നിന്ന് ഉയർത്തിക്കൊണ്ടുവരാൻ ആവശ്യ മായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുക യാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): സർ, പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുന്നതും സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്നതുമായ വിഭാഗങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. വേടൻ, അരുന്ധതിയാർ, ചക്ലിയൻ, നായാടി, വേട്ടുവൻ, കല്ലാടി എന്നീ സമുദായങ്ങളെ ദുർബല

ജനവിഭാഗങ്ങളായാണ് കാണുന്നത്. അവർക്കുവേണ്ടി പ്രത്യേക പദ്ധതി നിലവിലുണ്ട്. അഞ്ച് സെന്റ് ഭൂമി വാങ്ങുന്നതിന് രണ്ടര ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് രണ്ടുലക്ഷം രൂപയും ചേർത്ത് ഒരു യൂണിറ്റായി കണക്കാക്കി നാലരലക്ഷം രൂപ സഹായം നൽകിവരുന്നുണ്ട്. ബഹുമാന പ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഈ തുക പരിമിതമാണെന്നറിയാം. നാലുലക്ഷത്തി അമ്പതിനായിരമെന്നത് ഈ യൂണിറ്റിന് അഞ്ചുലക്ഷമാക്കി ഗവൺമെന്റ് ഉയർത്തുകയാണ്. അതുപോലെ ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റിനുപുറമേ ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടുകൾക്ക് 100 രൂപയും അഞ്ച് മുതൽ ഏഴുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 125 രൂപയും എട്ട് മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 150 രൂപയും പ്രതിമാസ സ്റ്റൈപ്പന്റായി നൽകിവരുന്നു. ഇത് ആനുപാതികമായി 150, 175, 200 രൂപ യാക്കി വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആവശ്യമായ തുക ഗവണ മെന്റ് നീക്കിവച്ചിട്ടുണ്ട്. ഏറ്റവും ദുർബല ജനവിഭാഗങ്ങളാണെന്ന് മനസ്സി ലാക്കികൊണ്ട് ഇവരുടെ കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് പരി ശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## പതിയൻ സമുദായത്തെ പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, വയനാട് ജില്ലയിലെ പതിയ, കാടർ സമുദായക്കാർക്ക് അവരുടെ ജാതി സർട്ടിഫിക്കറ്റും ധന സഹായവും പുന:സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പതിയർ സമുദായത്തിൽപ്പെട്ട ആദി വാസി ജനവിഭാഗങ്ങൾ വർഷങ്ങളായി കൃഷിയും കന്നുകാലി വളർത്തലു മായി വയനാട് ജില്ലയിൽത്തന്നെ അധിവസിച്ചുപോരുന്നവരാണ്.. ഈ വിഭാഗത്തിന് 1985-നുമുമ്പ് കുറഞ്ഞ കാലയളവിൽ എസ്.സി. സർട്ടിഫി ക്കറ്റ് അനുവദിച്ചിരുന്നു. എന്നാൽ പിന്നീട് എന്തുകാരണത്താൽ എന്നറിയില്ല, അലക്കുകാരൻ അല്ലാത്ത പതിയർ എന്നുപറഞ്ഞ് അവരെ അതിൽ നിന്ന് നീക്കം ചെയ്തു.. അവരുടെ ആനുകൂല്യങ്ങൾ മുഴുവനും സർട്ടിഫിക്കറ്റ ടക്കം നിഷേധിച്ചിരിക്കുകയാണ്. പ്ലസ്-ടു-വിന് പഠിക്കുന്ന ഏകദേശം ഇരു പതോളം കുട്ടികൾ അഡ്മിഷൻ ലഭിക്കാതെ പുറത്തുനിൽക്കുകയാണ്. 1967-ലെ ലോക്കൂർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം വയനാടിലെ പതിയർ എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവരാണ് എന്നുള്ളതാണ് എസ്.സിയുടെ ആനുകൂ ല്യങ്ങൾ അവർക്ക് നിഷേധിക്കാനുള്ള കാരണമായി പറയുന്നത്. എന്നാൽ കഴി ഞ്ഞകാലയളവിൽ ഇത്തരത്തിൽ അർഹത ഉണ്ടായിട്ടും ആനുകൂല്യങ്ങൾ ഒന്നും ഈ വിഭാഗത്തിന് ലഭിച്ചിട്ടില്ല. അതുമാത്രമല്ല ലോക്കൂർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം വയനാടിലെ പതിയനെ എസ്.റ്റി. വിഭാഗത്തിൽ ഉൾപ്പെ ടുത്താനുള്ള നടപടിയും ഉണ്ടായിട്ടില്ല. കൂടാതെ 24/01/2008-ൽ

6252/ജി.1/2008 പ്രകാരമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ സഭയിൽ സബ്മിഷൻ ഉന്നയിച്ചെങ്കിലും അതിന് യാതൊരുവിധ നടപടികളും ഉണ്ടാ യതായി കാണുന്നില്ല. ഇത് പതിയർക്ക് മാത്രമല്ല, ഒന്ന് മുതൽ പ്ലസ്-ടു വരെ പഠിച്ച വയനാടൻ കാടർ സമുദായത്തിൽപ്പെട്ട കുട്ടികൾ എസ്.റ്റി.ക്വാ ട്ടയിൽ എൻട്രൻസ് എഴുതി റിസൽട്ട് വരുന്ന ഘട്ടത്തിൽ എസ്.റ്റി. അല്ല എന്നു പറഞ്ഞ് റിസൾട്ട് തടഞ്ഞുവച്ച സാഹചര്യം പോലും ഉണ്ടായിട്ടുണ്ട്. കിർത്താഡ്സിന്റെ ഇടപെടലും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തി ലുമാണ് ഇത്രയും വിദ്യാർത്ഥികൾക്കും അവരുടെ സമുദായത്തിനും അവർക്ക് അർഹതപ്പെട്ട ധനസഹായവും സർട്ടിഫിക്കറ്റും തടയപ്പെടുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഗൗരവമായി ഇടപെടണം. മാത്രമല്ല ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ഇടപെടണമെന്ന് ഞാൻ ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പതിയൻ സമുദായം പ്രധാനമായും ആലപ്പുഴ, പത്തനംതിട്ട ജില്ലയിൽ അധിവസിക്കുന്നവരും പാരമ്പര്യമായി മണ്ണാൻ, വണ്ണൻ സമുദായത്തെപ്പോലെ അലക്ക് ഉപജീവനമായി ജീവിക്കു ന്നവരുമാണ്. എന്നാൽ കിർത്താഡ്സിന്റെ അന്വേഷണറിപ്പോർട്ട് പ്രകാരം വയനാട്ടിലെ സുൽത്താൻബത്തേരി താലൂക്കിൽ പതിയൻ സമുദായക്കാർ അലക്കുകാർ അല്ലാത്തവരാണ്. പട്ടികവർഗ്ഗ സവിശേഷത ഉള്ളവരാണെ

ന്നാണ് കണ്ടെത്തിയിട്ടുള്ളത്. 1965-ലെ ലോക്കൂർ കമ്മിറ്റി പ്രസ്തുത സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. ആയതിനാൽ ഇവർക്ക് പട്ടികജാതി സംവരണത്തിന് അർഹതയില്ല. ഇവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനായി പാർലമെന്റിൽ നിയമഭേദഗതി ആവശ്യമുള്ളതിനാൽ നിലവിൽ ഇവരെ മറ്റ് അർഹ സമുദായങ്ങളായ പട്ടികജാതി, ഒ.ഇ.സി. എസ്.സി., എസ്.റ്റി. ലിസ്റ്റിൽ ഉൾപ്പെടുത്തി ജോലി സംവരണങ്ങൾ ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത സമുദായത്തെ സംസ്ഥാനത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനായി കേന്ദ്രസർക്കാർ മുമ്പാകെ ശുപാർശ ചെയ്യുന്നതിലേയ്ക്കായി വിശദമായ നരവംശ ശാസ്ത്ര പഠനം കിർത്താഡ്സ്-ൽ നടന്നുവരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാൽ ഉടൻ ഇതു സംബന്ധിച്ച അനന്തര നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണ്. നിയമസഭാ സമ്മേളനം നടക്കുമ്പോൾ തന്നെ കിർത്താഡ്സിന്റെ ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത് ഇത് വിശദമായി പരിശോധിക്കുന്നതാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇത്തരത്തിലുള്ള നിരവധി വിഷയങ്ങൾ ഈ സഭയിൽത്തന്നെ പല എം.എൽ.എ.മാരും ഉന്നയിച്ചിട്ടുണ്ട്. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ടുകൊണ്ട് പലയിടങ്ങളിലും അതിന്റേതായ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ എം.

എൽ.എ.മാരുടെ അഭിപ്രായം അറിയുവാനും അതിനുവേണ്ടി ഒരു മീറ്റിംഗ് വിളിച്ചുചേർക്കുന്നതിനുമുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**ഇ. എം. എസ്. ഭവന പദ്ധതി**

ശ്രീ. എ. എ. അസീസ്: സർ, ആയിരക്കണക്കിന് പാവങ്ങളെ ബാധിച്ചിട്ടുള്ള ഒരു പ്രശ്നമാണ് ഇത്. ഇ.എം.എസ്. ഭവന പദ്ധതിപ്രകാരം സബ്സിഡി ലഭിച്ചിട്ടുള്ളവരുടെ ഭൂമി കൈമാറ്റം ചെയ്യാനുള്ള അവകാശം അവർക്ക് നൽകണം. സ്വന്തമായിട്ടുള്ള 5 സെന്റ് ഭൂമിയിൽ ഒരു വീട് വയ്ക്കുന്നതിനുവേണ്ടി 75,000 രൂപ സബ്സിഡിയായി നൽകി. എന്നാൽ അതിൽ നിന്ന് രണ്ടുസെന്റ് ഭൂമി വിറ്റ് പെൺമക്കളെ കെട്ടിക്കുവാൻ കഴിയാത്ത ഒരു സാഹചര്യമാണ് അവർക്കുള്ളത്. 10 കൊല്ലത്തേയ്ക്ക് അവരുടെ പ്രമാണം വാങ്ങിവച്ചിരിക്കുകയാണ്. ഇന്ന് ഒരു സെന്റ് ഭൂമിയ്ക്ക് രണ്ടും മൂന്നും ലക്ഷം രൂപ വിലയുള്ളപ്പോഴാണ് 75,000 രൂപ സബ്സിഡിയായി നൽകിയതിനുശേഷം 5 സെന്റോ 10 സെന്റോ ഭൂമിയുടെ പ്രമാണം 10 കൊല്ലത്തേയ്ക്ക് വാങ്ങി സൂക്ഷിച്ചിരിക്കുന്നത്. ഇതുമൂലം രണ്ടോ മൂന്നോ സെന്റ് വസ്തു വിറ്റ് ഒരു കുട്ടിയെ കെട്ടിക്കണം അല്ലെങ്കിൽ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കണം എന്ന് വിചാരിച്ചാൽ നടക്കുന്നില്ല. മാത്രവുമല്ല അത്തരം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ആളുകൾ അവർ എടുത്ത 75,000 രൂപയും പലിശയും തിരിച്ചടയ്ക്കാം, പ്രമാണം തിരിച്ചുതന്നാൽ മതി എന്നുപറഞ്ഞാൽ അതും സ്വീകരിക്കുന്നില്ല. അത്തരത്തിലുള്ള ഒരു ദു:സ്ഥിതിയാണ് കണ്ടുവരുന്നത്. അതോടൊപ്പം അവർക്ക് കക്കൂസ് നിർമ്മാണത്തിനുവേണ്ടി 2500 രൂപയാണ് നേരത്തേ നൽകിയിരുന്നത്. ഇന്ന് 2500

രൂപ ഒരു കോഴിക്കൂട് പണിയാൻ പോലും തികയില്ല. അതുകൊണ്ട് കക്കൂസ് നിർമ്മാണത്തിനുള്ള തുക 10,000 രൂപയായി വർദ്ധിപ്പിക്കണം. അവരുടെ പ്രമാണം തിരിച്ചുനൽകുന്നതിനെക്കുറിച്ച് ഒരു തീരുമാനമുണ്ടാകണം. ഇതാണ് ഞാൻ ഉന്നയിക്കുന്ന സബ്മിഷൻ.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, ഇ.എം.എസ് ഭവനപദ്ധതി സംബന്ധിച്ച് 07/11/2009 ൽ പരിഷ്ക്കരിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭവനനിർമ്മാണത്തിനോ സ്ഥലം വാങ്ങുന്നതിനോ ധനസഹായം അനുവദിക്കുന്ന സാഹചര്യത്തിൽ വീടിന്റേയോ സ്ഥലത്തിന്റെയോ അന്യാധീനപ്പെടുത്തലും കൈമാറ്റവും പത്ത് വർഷത്തേയ്ക്ക് ഒഴിവാക്കുന്നതിന് ഗുണഭോക്താവ് ഒരു കരാർ പത്രം തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധനസഹായം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കിയശേഷം വസ്തു വിൽപ്പന ഒഴിവാക്കുന്നതിനും ഒരിക്കൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ വസ്തുവും വീടും അന്യാധീനപ്പെടുത്തിയശേഷം മറ്റു ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ധനസഹായം കൈപ്പറ്റുന്ന പ്രവണത തടയുന്നതിനും ആനുകൂല്യം അർഹരായവർക്ക് മാത്രം ലഭിക്കുന്ന തരത്തിൽ പദ്ധതി സുതാര്യമാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഇത്തരം ഒരു നിബന്ധന ഉൾപ്പെടുത്തിയിരുന്നത്. മുൻപറഞ്ഞ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എടുത്തുകളഞ്ഞാൽ ആനുകൂല്യം ലഭിച്ചിട്ടുള്ള ഗുണഭോക്താ

ക്കൾ വീടും വസ്തുവും അന്യാധീനപ്പെടുത്തുവാനുള്ള സാധ്യത വളരെ കൂടുതലായിരിക്കും. പല ഗുണഭോക്താക്കളുടേയും നിരന്തരമായ അപേക്ഷ കണക്കിലെടുത്ത് സർക്കാർ ഈ വിഷയം ഗൗരവമായി പരിഗണിക്കുകയും ഗുണഭോക്താവ് കൈപ്പറ്റിയ തുക പലിശസഹിതം തിരിച്ചടയ്ക്കുന്ന പക്ഷം 10 വർഷത്തേയ്ക്ക് വീടും വസ്തുവും അന്യാധീനപ്പെടുത്തുകയില്ലെന്നുള്ള കരാർ പത്രം റദ്ദ് ചെയ്തു നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം അത്യാവശ്യഘട്ടത്തിൽ ഓരോ ഗുണഭോക്താവിന്റെയും അപേക്ഷയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തിന്റെ തീരുമാനപ്രകാരം വസ്തു കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകിവരുന്നുണ്ട്. പതിനൊന്നാം പഞ്ചവൽസര പദ്ധതിക്കായി 24/07/2007-ലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിൽ സാനിട്ടറി യൂണിറ്റിന് പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2500 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 3500 രൂപയുമാണ് അനുവദനീയമായിട്ടുള്ളത്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കായുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഈ നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ ഗ്രാമപ്രദേശത്ത് ടോട്ടൽ സാനിട്ടേഷൻ ക്യാമ്പെയിൻ പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കുന്നതിന് എൻ.ആർ.ഇ.ജി.എ. സഹായം ഉൾപ്പെടെ 10,000 രൂപ ഇപ്പോൾ അനുവദിക്കുന്നുണ്ട്.

## ലെപ്രസി ഹോസ്പിറ്റലിന്റെ നവീകരണം

ശ്രീ. ബി.ഡി. ദേവസ്സി: സർ, കൊരട്ടി ലെപ്രസി ഹോസ്പിറ്റൽ വക നൂറ് ഏക്കർ സ്ഥലത്ത് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രോജക്ട് നടപ്പാക്കുന്നതിനും ലെപ്രസി ഹോസ്പിറ്റലിന്റെ നവീകരണത്തിനുമാണ് ഈ സബ്മിഷൻ. നൂറ് ഏക്കറിലധികം വരുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന കൊരട്ടി ലെപ്രസി ഹോസ്പിറ്റലിലെ രോഗികളുടെ വാർഡുകൾ കാലപ്പഴക്കംകൊണ്ട് ജീർണ്ണിച്ച് ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. ഇരുപതോളം ചെറുകെട്ടിടങ്ങളിൽ പകുതിയോളം ഇന്ന് ഇടിഞ്ഞുപൊളിഞ്ഞ് നാശമായിരിക്കുകയാണ്. ഇതുകാരണം അസുഖം കൊണ്ട് അംഗവൈകല്യം സംഭവിച്ച അവശരായ സ്ത്രീകൾ ഉൾപ്പെടെയുള്ള രോഗികൾ വളരെയധികം ദുരിതങ്ങൾ അനുഭവിക്കുകയാണ്. ചെറുകെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഒരു കെട്ടിടത്തിൻകീഴിൽ, ഒരു കുടക്കീഴിൽ പ്രവർത്തിക്കാൻ സൗകര്യപ്പെടുത്തുന്ന കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്. ആശുപത്രിയുടെ സുരക്ഷയ്ക്കും കയ്യേറ്റങ്ങൾ തടയുന്നതിനുമായി ആശുപത്രി കോമ്പൗണ്ടിന് ഒരു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ എറണാകുളം, തൃശ്ശൂർ ജില്ലകളുടെ അതിർത്തികളിലായി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് 10 കിലോമീറ്റർ അകലെ നാഷണൽ ഹൈവേയോട് ചേർന്ന് ഹോസ്പിറ്റലിന്റെ വക നൂറ് ഏക്കർ സ്ഥലത്ത് മെഡിസിറ്റി സ്ഥാപിക്കൽ അടക്കമുള്ള വികസനം മുൻസർക്കാരിന്റെ പരിഗണനയിൽ ഉണ്ടായിരുന്നതാണ്.

ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ഒരു പ്രധാന പ്രോജക്ട് ലെപ്രസി ഹോസ്പിറ്റലിന്റെ വികസനാവശ്യം കഴിഞ്ഞുള്ള സ്ഥലത്ത് സ്ഥാപിക്കുന്ന തിനും ആശുപത്രിയുടെ നവീകരണത്തിനും നടപടി സ്വീകരിക്കുവാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : സർ, 1.5.1955 -ൽ സർക്കാർ ഏറ്റെടുത്ത ഈ ആശുപത്രിക്ക് 2008 -ലെ സർവ്വേ പ്രകാരം 113 ഏക്കർ 60 സെന്റ് സ്ഥലമാണ് കൈവശമുള്ളത്. 17 വാർഡുകളും അനുബന്ധ കെട്ടിടങ്ങളും ഒ.പി., ലബോറട്ടറി, ഇ.സി.ജി. സൗകര്യങ്ങളുമുണ്ട്. ഇത് വിവിധ ഭാഗങ്ങ ളിലായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ഇത്തരത്തിൽ ചിതറിക്കിടക്കുന്ന കെട്ടിട ങ്ങൾക്ക് പകരം എല്ലാ പ്രവർത്തനവും ഒരു മേൽക്കൂരയ്ക്ക് കീഴിൽ കൊണ്ടുവരുക എന്ന ഉദ്ദേശം മുൻനിറുത്തി 1390 ചുതുരശ്ര മീറ്റർ താഴത്തെ നിലയിലും 1340 ചതുരശ്ര മീറ്റർ ഒന്നാം നിലയിലും വിസ്തീർണ്ണ മുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്നരക്കോടി രൂപയുടെ എസ്റ്റിമേറ്റ് നിലവിലുണ്ടെങ്കിലും ഈ വർഷത്തെ ബഡ്ജറ്റിൽ തുക നീക്കി വച്ചിട്ടില്ല. ഉപയോഗശൂന്യമായ സ്ഥലത്ത് മെഡിസിറ്റി സ്ഥാപിക്കുന്നതിനുള്ള പഠന ത്തിനായി 'ഇൻകെലിനെ' നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. 66 കിടക്കകളുള്ള ഈ ആശുപത്രിയിൽ 200 -നും 225 -നും ഇടയിൽ രോഗി കൾ കിടത്തി ചികിൽസയ്ക്കായി എത്തുന്നുണ്ട്. ഒ.പി.യിൽ ദിവസേന 50 മുതൽ 75 വരെ രോഗികൾ ചികിൽസയ്ക്ക് എത്തുന്നുണ്ട്. ആശുപത്രി

യിൽ ലാബ് സൗകര്യവും ഇ.സി.ജി. സൗകര്യവും നിലവിലുണ്ട്. പുതിയ ഒ.പി.ബ്ലോക്കിന്റെ പണി നടന്നു വരികയാണ്. കൊരട്ടി ലെപ്രസി ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതുസംബന്ധിച്ച് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഈ വർഷത്തെ ബഡ്ജറ്റിൽ തുക ഉൾപ്പെടുത്താനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വല ഉപയോഗിച്ചുള്ള മത്സ്യബന്ധന നിരോധനം

ശ്രീ. ഹൈബി ഈഡൻ : സർ, തീരദേശമേഖലയെ കൂടുതൽ ദുരിതത്തിലാഴ്ത്തുന്ന നടപടിയാണ് വിദേശ കപ്പലുകൾ ഇന്ത്യൻ തീരത്ത് മത്സ്യബന്ധനം നടത്തുക വഴി വന്നിട്ടുള്ളത്. ഐക്യരാഷ്ട്ര സഭ പോലും നിരോധിച്ചിട്ടുള്ള മരണത്തിന്റെ ഭീതിയെന്ന് അറിയപ്പെടുന്ന ഹുക്ക് ആന്റ് ലൈനർ, ട്യൂണ ലോംഗ് ലൈൻ, മിഡ് വാട്ടർ പലാജിക് തുടങ്ങിയ വലകൾ ഉപയോഗിച്ച് കേന്ദ്ര സർക്കാരിന് നൽകേണ്ട വിവിധ ഇനം നികുതികൾ പോലും നൽകാതെ കേരളത്തിന്റെ കടൽതീരത്ത് അന്യരാജ്യങ്ങളുടെ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്നു. മിക്ക കപ്പലുകളും പസഫിക് സമുദ്രത്തിലെ തുവാലു എന്നു പറയുന്ന ഒരു ചെറിയ രാജ്യത്ത് നിന്ന് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അതിൽ അംഗീകാരം ഇല്ലാത്ത കപ്പലുകൾ പോലും മത്സ്യബന്ധനം നടത്തുന്നുണ്ട്. ഒരു വിദേശ കപ്പൽ ആദ്യവർഷം ഇന്ത്യൻ കടലിൽ മത്സ്യബന്ധനം നടത്തുമ്പോൾ അതിലെ ജീവനക്കാരുടെ എണ്ണത്തിൽ 25 ശതമാനം ഇന്ത്യാക്കാരായിരിക്കണമെന്നാണ് വ്യവസ്ഥ. തുടർന്നുള്ള വർഷങ്ങളിൽ അത് 50-75 എന്ന നിരക്കിൽ നാല് വർഷം പൂർത്തിയാകുമ്പോൾ വിദേശ കപ്പലുകളിൽ മുഴുവൻ ഇന്ത്യൻ ജീവനക്കാരായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. ഇത്തരത്തിലുള്ള വ്യവസ്ഥകളൊന്നും തന്നെ പാലിക്കപ്പെടുന്നില്ല. അന്താരാഷ്ട്ര പരിസ്ഥിതി സംഘടനയായ ഗ്രീൻ പീസ് പോലും അതിന്റെ ഒരു റിപ്പോർട്ടിൽ പറയുകയുണ്ടായി. ഇന്ത്യൻ തീരക്കടലിൽ നിന്ന് വൻതോതിൽ മത്സ്യസമ്പത്ത് കട

ത്തിക്കൊണ്ടുപോകുന്ന വിദേശ മത്സ്യബന്ധന കപ്പലുകൾ ഭൂരിപക്ഷവും വ്യാജമായാണ് നേടിയെടുത്തിട്ടുള്ളത്. കടലിലെ പരിസ്ഥിതി സന്തുലിതാവസ്ഥ തകർക്കുന്നതിനൊപ്പം രാജ്യസുരക്ഷയ്ക്കും ഇത്തരം കപ്പലുകൾ ഭീഷണിയായി മാറിയേക്കും. നിരാലംബരും ദരിദ്രരുമായ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ നിത്യദാരിദ്ര്യത്തിലേയ്ക്കും അരക്ഷിതാവസ്ഥയിലേക്കും തള്ളിവിടാൻ മാത്രമെ ഇതുകൊണ്ട് ഉപകാരപ്പെടുകയുള്ളു. ഫിഷ് ഫൈന്ററുകൾ പോലെ റിമോട്ട് സെൻസറുകൾ പോലെയുള്ള ഇന്ത്യൻ മത്സ്യബന്ധന തൊഴിലാളികൾക്ക് സ്വപ്നം കാണാനാകാത്ത സോളാർ ഫിഷ് ഫൈന്ററുകൾ അടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിച്ചാണ് വിദേശ കപ്പലുകൾ അറബിക്കടലിൽ മൽസ്യബന്ധനം നടത്തുന്നത്. ഇത് തീർച്ചയായിട്ടും മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വലിയ തിരിച്ചടിയാണ്. കേന്ദ്ര ഗവൺമെന്റാണ് ഇതിന് അനുമതി കൊടുക്കുന്നത്. അതിന് സംസ്ഥാന ഗവൺമെന്റ് അടക്കമുള്ളവർ ഉചിതമായ നടപടികൾ ഈ മേഖലയെ സംരക്ഷിക്കുന്നതിന് സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ബഹുമാനപ്പെട്ട അംഗം ഹൈബി ഈഡൻ ചൂണ്ടിക്കാണിച്ചത് ഗൗരവമുള്ള ഒരു പ്രശ്നമാണ്. ഇന്ത്യൻ കമ്പനികൾക്കും കോർപ്പറേഷനുകൾക്കും ലെറ്റർ ഓഫ് പെർമിഷൻ സ്കീമിൽ ലൈസൻസ് കൊടുക്കുന്ന വ്യവസ്ഥ വിദേശ കപ്പലുകൾക്കുമുണ്ട്. ഇങ്ങനെയുള്ള കപ്പ

ലുകളിൽ 25 ശതമാനം തൊഴിലാളികൾ ഇന്ത്യാക്കാരായിരിക്കണമെന്നാണ് വ്യ വസ്ഥ. പ്രസ്തുത കപ്പൽ ഇന്ത്യൻ കമ്പനി സ്വന്തമാക്കുമ്പോൾ ഭൂരിപക്ഷം തൊഴിലാളികളും ഇന്ത്യാക്കാരാകണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരാണ് ആഴക്കടൽ മത്സ്യബന്ധനത്തിന് കപ്പലുകൾക്ക് ലെറ്റർ ഓഫ് പെർമിഷൻ മുഖേന അനുമതി നൽകുന്നത്. ഈ ലെറ്റർ ഓഫ് പെർമിഷൻ സ്കീം പ്രകാരം ഏകദേശം 80 വെസ്സലുകൾക്കാണ് ഫിഷിംഗിന് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 19 വെസ്സലുകൾ മാത്രം ഇന്ത്യയുടെ എക്സ്ക്ലൂ സീവ് എക്കണോമിക് സോണിൽ മത്സ്യബന്ധനം നടത്തുന്നു. 12 നോട്ടി ക്കൽ മൈലുവരെയുള്ള ടെറിട്ടോറിയൽ മേഖല കഴിഞ്ഞ് എക്സ്ക്ലൂസീവ് എക്കണോമിക് സോൺ അവസാനിക്കുന്ന 200 നോട്ടിക്കൽ മൈൽ വരെ യുള്ള കടലിൽ മത്സ്യബന്ധനം നടത്താനാണ് ലെറ്റർ ഓഫ് പെർമിഷൻ നൽകുന്നത്. 20 മീറ്ററിനും അതിന് മുകളിലും നീളമുള്ള മത്സ്യബന്ധന യാനങ്ങൾക്കാണ് ഇതിന് അനുമതി നൽകുന്നത്. ആഴക്കടൽ മത്സ്യ ബന്ധ നത്തിന് എൽ.ഒ.പി. ലഭിച്ച കപ്പലുകൾ അവയുടെ സ്ഥാനം, മത്സ്യബന്ധന രീതി, വേഗം, area of operation with latitude and longitude എന്നീ കാര്യ ങ്ങൾ എട്ട് മണിക്കൂർ ഇടവിട്ട് ഏറ്റവും അടുത്ത കോസ്റ്റ് ഗാർഡ് ഓഫീ സിൽ അറിയിക്കേണ്ടതായിട്ടുണ്ട്. ഫീഷറീസ് സർവ്വേ ഓഫ് ഇന്ത്യയ്ക്കും റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഏത് സമയത്തും കപ്പൽ പരിശോധിക്കാ നുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. 12 നോട്ടിക്കൽ മൈലുവരെയുള്ള കടലിലെ മത്സ്യബന്ധനവും അനുബന്ധ പ്രവർത്തന

ങ്ങളും മാത്രമേ സംസ്ഥാന സർക്കാരിന് നിയന്ത്രിക്കാൻ സാധിക്കുകയുള്ളു. 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിലാണ്. അതുകൊണ്ട് വിദേശ നിർമ്മിത കപ്പലുകൾക്ക് ലെറ്റർ ഓഫ് പെർമിഷൻ നൽകുന്നതുവഴി സംസ്ഥാനത്തിന്റെ മത്സ്യ സമ്പത്തിലുണ്ടാകുന്ന നഷ്ടവും മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി ഉചിതമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കേന്ദ്ര സർക്കാരിന് 12.5.2012 –ന് കത്ത് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്ര സർക്കാരിന് കേരളത്തിന്റെ ആശങ്കകൾ അറിയിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്. ഇതു സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധിയിലുള്ള കാര്യമല്ല. സംസ്ഥാന ഗവൺമെന്റിന് പരിമിതികളുണ്ട്. ഏതായാലും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരാൻ സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ)

* * * * * * * * * * * * * * *